
# സഹ്യനാദം

ലക്കം 4 | ഏപ്രിൽ 2023 | വാല്യം 20

ഇടുക്കി രൂപതാ ബുള്ളറ്റിൻ





# മാർ ജോസഫ് പൗവ്വത്തിൽ

ആർച്ച് ബിഷപ് എമിരറ്റസ്, ചങ്ങനാശ്ശേരി

ഇടുക്കി രൂപതയുടെ

## പ്രണാമം...

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 20**
**Issue No. : 4**
**Month : April 2023**



*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Thomas Panjikunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Red Line Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com

## ഈ ലക്കത്തിൽ

| | |
|---|---|
| ഇടയലേഖനം: രൂപതാതല നോമ്പുകാല തീർത്ഥാടനം | 05 |
| ദൈവകരുണയുടെ തിരുനാൾ | 08 |
| നാളാഗമം | 10 |
| BISHOP'S ENGAGEMENTS | 12 |
| കച്ചേരി വാർത്തകൾ | 13 |
| മൈനർ സെമിനാരി | 17 |
| സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ | 17 |
| സന്യസ്തർ | 19 |
| ക്രിസ്തുജ്യോതി | 25 |
| വിദ്യാഭ്യാസം | 26 |
| പാവനാത്മാ കോളേജ് | 32 |
| മാർ സ്ലീവാ കോളേജ് | 33 |
| സാമൂഹ്യസേവനം | 34 |
| കെ. സി. എസ്. എൽ. | 36 |
| തിരുബാലസഖ്യം | 38 |
| ചെറുപുഷ്പ മിഷൻലീഗ് | 38 |
| കെ. സി. വൈ. എം. | 40 |
| ജീസസ് യൂത്ത് | 42 |
| കുടുംബ പ്രേഷിതത്വം | 45 |
| മാതൃവേദി | 45 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 47 |
| കുടുംബക്കൂട്ടായ്മ | 48 |
| കത്തോലിക്കാ കോൺഗ്രസ് | 49 |
| കെ. സി. ബി. സി. വനിതാ കമ്മീഷൻ | 50 |
| വാർത്തകളും വിശേഷങ്ങളും | 51 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 53 |

***"Is your faith tired? Do you want to reinvigorate it? Look for God's gaze: sit in adoration, allow yourself to be forgiven in Confession, stand before the Crucified One. In short, let him love you."***

*Pope Francis, Tweet, 16-03-2023*

# ഓർമ്മിക്കാൻ

## ഏപ്രിൽ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 02 | : | ഓശാന ഞായർ |
| 02-05 | : | ദൈവവിളി ക്യാമ്പ് |
| 05 | : | മെത്രാഭിഷേകദിനം |
| 06 | : | പെസഹാ വ്യാഴം |
| 07 | : | പീഡാനുഭവ വെള്ളി |
| 08 | : | വലിയ ശനി |
| 09 | : | നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ |
| 10-13 | : | സുവിശേഷോത്സവം |
| 13-14 | : | സന്യാസിനീ സംഗമം |
| 14 | : | വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെ തിരുനാൾ) |
| 15 | : | വേദപാഠ പരീക്ഷ |
| 16 | : | പുതുഞായർ, ദൈവകരുണയുടെ തിരുനാൾ |
| 21-23 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 24 | : | വി. ഗീവർഗ്ഗീസ് |
| 25 | : | വി. മർക്കോസ് സുവിശേഷകൻ |
| 29 | : | സിയന്നായിലെ വി. കത്രീന |

# രൂപതാതല നോമ്പുകാല തീർത്ഥാടനം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ,

അനുതാപത്തിന്റെയും പാപപരിഹാരത്തിന്റെയും വിശുദ്ധി നിറഞ്ഞ നോമ്പുകാലത്തിലൂടെ നാം യാത്ര ചെയ്യുകയാണല്ലോ. തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും അനുഭവത്തിലൂടെ കഴിഞ്ഞ കാലങ്ങളിലെ പാപങ്ങൾക്കു പരിഹാരം അനുഷ്ഠിച്ച് ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

നോമ്പുകാലം രൂപാന്തരീകരണത്തിന്റെ കാലമാണ്. നമ്മുടെ സാധാരണ ജീവിതത്തിൽ നിന്നും അല്പം മാറി യേശുവിനോടൊപ്പം 'ഒരു ഉയർന്ന മലയിലേയ്ക്ക്' കയറി പോകുവാനും അങ്ങനെ സവിശേഷമായ ഒരു ദൈവാനുഭവം സ്വന്തമാക്കാനുമുള്ള കാലമാണ് നോമ്പുകാലം എന്ന് ഫ്രാൻസിസ് മാർപാപ്പ നമ്മെ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ വിശ്വാസക്കുറവിനെയും യേശുവിനെ കുരിശിന്റെ പാതയിൽ അനുഗമിക്കുന്നതിനുള്ള നമ്മുടെ വിമുഖതയെയും മറികടക്കാനുള്ള കൃപാവരം സ്വന്തമാക്കാനുള്ള മാർഗമാണ് ഈ നോമ്പുകാലത്തിലെ അനുതാപം എന്നും പാപ്പാ ഓർമ്മിപ്പിക്കുന്നു.

കുരിശിന്റെ വഴിയിലെ പീഡാനുഭവ രംഗങ്ങൾ ധ്യാനിച്ചുള്ള തീർത്ഥാടനം ജീവിതവഴികളിലെ കുരിശനുഭവങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാനുള്ള കൃപകൾ നമുക്ക് സമ്മാനിക്കുന്നു. നോമ്പുകാല തീർത്ഥാടനങ്ങൾ കുരിശിന്റെ വഴിയെയുള്ള യാത്രയാണ്. കുരിശ് അപമാനിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന ഈ കാലത്ത് നമ്മുടെ രക്ഷയുടെ അടയാളമാണ് വിശുദ്ധ കുരിശ് എന്ന് പ്രഘോഷിക്കുന്ന അവസരങ്ങളാണ് കുരിശിന്റെവഴി ചൊല്ലി കുരിശും കയ്യിലേന്തി നമ്മൾ നടത്തുന്ന പരിഹാര തീർത്ഥാടനങ്ങൾ.

നമ്മുടെ രൂപതയിലെ നോമ്പുകാല തീർത്ഥാടന കേന്ദ്രമാണെല്ലോ എഴുകുംവയൽ കുരിശുമല. ഇടവകകളിൽ നിന്നും ചെറുതും വലുതുമായ ഗ്രൂപ്പുകളായി പ്രാർത്ഥനാപൂർവ്വം നോമ്പുകാലത്ത് എഴുകുംവയൽ മലകയറാൻ ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിച്ചിരുന്നല്ലോ. നാല്പതാം വെള്ളിയാഴ്ച നമ്മുടെ രൂപതയിലെ ദൈവജനം ഒന്നിച്ച് എഴുകുംവയൽ കുരിശുമലയിലേയ്ക്ക് തീർത്ഥാടനം നടത്തുകയാണ്. മാർച്ച് 31 ന് നടത്തുന്ന ഈ തീർത്ഥാടനത്തിലേയ്ക്ക് നിങ്ങളെ എല്ലാവരേയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. 31-ാം തീയതി നടത്തുന്ന ഈ കാൽനട തീർത്ഥാടനത്തിൽ പങ്കാളികളാകുവാൻ സാധിക്കുന്നവരെല്ലാം ശ്രദ്ധിക്കുമല്ലോ. കാൽനടയായി തീർത്ഥാടനത്തിൽ സംബന്ധിക്കാൻ സാധിക്കുന്ന എല്ലാവരും നിശ്ചയിക്കപ്പെട്ട സംഗമ സ്ഥലങ്ങളിൽ സമയത്തു എത്തിച്ചേരാൻ ശ്രദ്ധിക്കണം. ഇടവകകളിൽനിന്നും പാരിഷ് കൗൺസിൽ, സംഘടനാ ഭാരവാഹികൾ, മതാധ്യാപകർ കൂടാതെ തീർത്ഥാടനത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ എന്നിവരെ നമ്മുടെ നോമ്പുകാല തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ബഹു. വൈദികർ നടത്തുമല്ലോ.

രാവിലെ 10.00 ന് എഴുകുംവയൽ മലയടിവാരത്തുള്ള കുരിശുപള്ളിയിൽ പ്രാരംഭ പ്രാർത്ഥന ചൊല്ലി മലകയറ്റം ആരംഭിക്കും. നടക്കാൻ പ്രയാസമുള്ളവർക്ക് മലയടിവാരം വരെ വാഹനത്തിലെത്തിച്ചേർന്ന് തീർത്ഥാടനത്തിൽ പങ്കുചേരാവുന്നതാണ്.

**ഈ തീർത്ഥയാത്രയിൽ നമ്മുടെ പ്രധാന നിയോഗങ്ങൾ**

1. ലോകമെമ്പാടും നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾ അവസാനിക്കാൻ. (വിശ്വാസത്തിനുവേണ്ടി ത്യാഗം സഹിച്ച ഏവരെയും നാം അനുസ്മരിക്കുന്നു.)
2. ലഹരി വിരുദ്ധ തലമുറയെ വാർത്തെടുക്കാൻ. (യുവാക്കൾ, കുട്ടികൾ എന്നിവരെ അനുസ്മരിക്കുന്നു)
3. ഹൈറേഞ്ചിലെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകാൻ.
4. ധാരാളം നല്ല പുരോഹിത, കുടുംബജീവിത, സന്യാസ ദൈവവിളികൾ ഉണ്ടാകാൻ.

5. ഓരോരുത്തരുടെയും വ്യക്തിപരമായ നിയോഗങ്ങൾ.
(രോഗം, കട ക്കെണി, കുടുംബപ്രശ്നങ്ങൾ)

കുമ്പസാരിച്ചൊരുങ്ങി പ്രാർത്ഥനാപൂർവ്വം തീർത്ഥാടനത്തിൽ സംബന്ധിക്കുവർക്ക് ദണ്ഡ വിമോചനം ലഭിക്കുന്നതാണ്. ഈ തീർത്ഥാടനം വലിയ ക്രിസ്തീയ സാക്ഷ്യവും വിശ്വാസത്തിന്റെ പ്രഘോഷണവുമാണ്.

നമുക്ക് ഒരുമിച്ച് ഈശോയുടെ കുരിശിന്റെ സഹനവഴികളെ ധ്യാനിച്ച് ത്യാഗത്തോടും പ്രാർത്ഥനയോടുംകൂടെ യാത്ര ചെയ്യാം. ക്രൂശിതൻ നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന്,

✝മാർ ജോൺനെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ

## 2023 ഏപ്രിൽ 16

# ദൈവകരുണയുടെ തിരുനാൾ

ഈശോയിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ആഗോള കത്തോലിക്കാ സഭയിൽ ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ച ദൈവകരുണയുടെ തിരുനാൾ ആഘോഷിക്കുന്ന ദിനമാണ്. 2000-ാമാണ്ട് ഏപ്രിൽ 30-ാം തീയതി വി. ഫൗസ്റ്റീനായെ വിശുദ്ധയായി നാമകരണം ചെയ്ത വേളയിൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശുദ്ധയ്ക്ക് ലഭിച്ച വെളിപാടുകളുടെ അടിസ്ഥാനത്തിൽ ഈ ദിനത്തെ ദൈവകരുണയുടെ തിരുനാളായി പ്രഖ്യാപിച്ചു. ഈശോയിൽ നിന്ന് വി. ഫൗസ്റ്റീനായ്ക്കു ലഭിച്ച വെളിപാടിൽ ഇപ്രകാരം പറയുന്നു. ''ഞാൻ കയ്പേറിയ പീഡകൾ സഹിക്കുന്നുവെങ്കിലും അനേകം ആത്മാക്കൾ നശിച്ചു പോകുന്നു. രക്ഷ പ്രാപിക്കുവാനുള്ള അവസാന പ്രതീക്ഷയായി വൈവകരുണയുടെ തിരുനാൾ ഞാനവർക്കു നൽകുന്നു'' (വി. ഫൗസ്റ്റീനായുടെ ഡയറി, ഖണ്ഡിക 88).

ദൈവകരുണയുടെ തിരുനാൾ ആഘോഷം രക്ഷ പ്രാപിക്കുവാനുള്ള പ്രത്യാശയുടെ വഴികളിലേയ്ക്ക് നമ്മുടെ ജീവിതങ്ങളെ നയിക്കും. ദൈവകരുണയുടെ നൊവേന ചൊല്ലിയാണ് തിരുനാളിന് ഒരുങ്ങേണ്ടത്. ദുഃഖവെള്ളിയാഴ്ച മുതൽ ദൈവകരുണയുടെ ദിനം വരെയുള്ള ഒമ്പതു ദിവസങ്ങളാണ് ദൈവകരുണയുടെ നൊവേന ചൊല്ലി പ്രാർത്ഥിക്കേണ്ട ദിവസങ്ങൾ. ഈശോ വി. ഫൗസ്റ്റീനായോടു പറഞ്ഞു. ''കരണയുടെ നൊവേന വഴിയായി ആത്മാക്കളിലേയ്ക്ക് എല്ലാവിധ കൃപാവരങ്ങളും ഞാൻ ഒഴുക്കും'' (വി. ഫൗസ്റ്റീനായുടെ ഡയറി, ഖണ്ഡിക 796).

ദുഃഖവെള്ളിയാഴ്ച മുതൽ ഒമ്പതു ദിവസങ്ങളിൽ നമ്മുടെ കുടുംബങ്ങളിലും ദൈവാലയങ്ങളിലും കരുണയുടെ നൊവേന

നടത്തിക്കൊണ്ട് നമുക്ക് ദൈവകരുണയുടെ തിരുനാളിനായി ഒരുങ്ങാം.

ഈ വർഷം എപ്രിൽ 16-ാം തീയതിയാണ് ദൈവകരുണയുടെ തിരുനാൾ ദിനം. തിരുനാളിനു മുന്നൊരുക്കമായുള്ള ദൈവകരുണയുടെ നൊവേന ഏപ്രിൽ 7 ദുഃഖവെള്ളി മുതൽ എപ്രിൽ 15 വരെ എല്ലാ പള്ളികളിലും നടത്താൻ പരിശ്രമിക്കുമല്ലോ. ദൈവകരുണയുടെ തിരുനാൾ ദിനം പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള അവസരമാണെന്ന് ഓർമ്മപ്പെടുത്തുന്നു.

നമ്മുടെ രൂപതയിൽ ദൈവകരുണയുടെ നാമത്തിൽ നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ സ്ഥാപിതമായിരിക്കുന്ന ഡിവൈൻ മേഴ്സി ചാപ്പലിൽ ഏപ്രിൽ 8-ാം തീയതി മുതൽ എപ്രിൽ 16-ാം തീയതി വരെ ദൈവകരുണയുടെ കൺവൻഷനും തിരുനാൾ ആഘോഷവും നടത്തപ്പെടുന്നു. സാധിക്കുന്ന ആളുകൾ കൺവൻഷനിൽ പങ്കെടുത്ത് ദൈവകരുണ പ്രാപിക്കുന്നതിനുള്ള ഒരു അവസരമായി ഇതിനെ പ്രയോജനപ്പെടുത്തുമല്ലോ.

ഈശോ വി. ഫൗസ്റ്റീനായോട് വെളിപ്പെടുത്തിയ വാക്കുകൾ നമുക്ക് ഓർമ്മിക്കാം: ‘‘എന്റെ കരുണയിൽ ആശ്രയിക്കുന്ന ഒരാത്മാവിന് കരുണ ലഭിക്കാതിരിക്കുന്നതിലും എളുപ്പം ആകാശവും ഭൂമിയും ഇല്ലാതാവുന്നതാണ്’’ (വി. ഫൗസ്റ്റീനായുടെ ഡയറി, ഖണ്ഡിക 1777).

മിശിഹായിൽ സ്നേഹപൂർവ്വം

✠ മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ.

**ഫെബ്രുവരി 2023**

22 നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് വൈദിക രുടെ പ്രാർത്ഥനാദിനത്തിന് തുടക്കം കുറിച്ചു.

24 വലിയ നോമ്പിലെ ഒന്നാം വെള്ളിയാഴ്ച തീർത്ഥാടനകേന്ദ്ര മായ എഴുകുംവയൽ കുരിശുമലയിൽ വിശുദ്ധ കുർബാനയർ പ്പിച്ച് സന്ദേശം നൽകുകയും പുതുതായി നിർമ്മിച്ച മിസേറിയ രൂപത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

25 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെട്രോപൊളിറ്റൻ ദൈവാലയ ത്തിൽ സംഘടിപ്പിച്ച ചങ്ങനാശ്ശേരി അതിരൂപത കൺവൻഷന്റെ സമാപനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

26 മുരിക്കാശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചു നടന്ന മാതൃവേദി മുരിക്കാശ്ശേരി മേഖലാ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

* പാറത്തോട് വച്ചു നടന്ന കെ.സി.വൈ.എം. രൂപത സെനറ്റ് സമാ പന സമ്മേളനത്തിൽ പങ്കെടുക്കുകയും ആശംസകൾ അർപ്പി ക്കുകയും ചെയ്തു.

**മാർച്ച് 2023**

02 ഇരട്ടയാർ സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് നടന്ന ജോർദ്ദാനിയ മാമ്മോദീസായ്ക്ക് കാർമ്മികത്വംവഹിച്ചു.

03 രാജകുമാരി ഹോളി ക്വീൻസ് യു.പി. സ്കൂളിന്റെ വാർഷിക ത്തിൽ പങ്കെടുക്കുകയും നവീകരിച്ച കെട്ടിടത്തിന്റെ വെഞ്ച രിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു.

04 ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ അച്ചന്റെ സഹോദരിയും, റാന്നി, പെരുനാട് ഇടവകാംഗവുമായ പറമ്പുകാട്ടിൽ ത്രേസ്യാമ്മ ജോസഫിന്റെ ഭവനത്തിലെ മൃതസം സ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

* വെള്ളയാംകുടി സെന്റ് ജെറോംസ് എൽ.പി. സ്കൂളിന്റെ വാർ

ഷികാഘോഷത്തിലും സർവീസിൽ നിന്നു വിരമിക്കുന്ന ശ്രീ. തോമസ് സാറിന്റെ യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്ത് സംസാരിച്ചു.

05 കരിമ്പൻ സി.എസ്.എൻ. മഠത്തിലെ പുതിയ അൾത്താരയുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ച് വി. കുർബാന അർപ്പിച്ചു.

06 രൂപതാ കാര്യാലയത്തിൽ വിളിച്ചു ചേർത്ത ഫൊറോനാ വികാരിമാരുടെ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

08 തടിയമ്പാട് മാർ എഫ്രേം മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

11 രാജാക്കാട് സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിൽ വച്ച് ബ്രദർ ജോസഫ് കളത്തിക്കാട്ടിലിന് പുരോഹിത വസ്ത്രം നൽകി.

16 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ഇടവകാംഗമായ പാലിയത്ത് പി.ജെ. ജോർജിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* ചെങ്കുളം ആവില ഒ.സി.ഡി. ആശ്രമത്തിൽ സംഘടിപ്പിച്ച കേരളത്തിലെ മേജർ സെമിനാരി പ്രൊഫസേഴ്സിന്റെ റിഫ്രെഷ്മെന്റ് കോഴ്സിൽ സന്ദർശനം നടത്തി.

17 പൊന്മുടി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

19 കല്ലാർകുട്ടി സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളാഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി, പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പലിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയുംചെയ്തു.

* വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പാണ്ടിപ്പാറ സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച്സന്ദേശംനൽകി.

20-21 രൂപതയിലെ വൈദീകരുടെ മാതാപിതാക്കളെ സന്ദർശിച്ചു.

22 ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തു.

# BISHOP'S ENGAGEMENTS

**ഏപ്രിൽ 2023**

01 കൺവൻഷൻ, തൂക്കുപാലം

02 ഓശാന ഞായർ, നെടുങ്കണ്ടം

04 മൂറോൻ കൂദാശ, വാഴത്തോപ്പ്

05 നാല്പതുമണി ആരാധന, രാജകുമാരി

06 പെസഹാ വ്യാഴം, ഇരട്ടയാർ

07 ദുഃഖവെള്ളി, എഴുകുംവയൽ

09 ഈസ്റ്റർ, വാഴത്തോപ്പ്

11 സഭാവസ്ത്രസ്വീകരണം, എസ്.എ.ബി.എസ്.

12 തിരുപ്പട്ടസ്വീകരണം, മഞ്ഞപ്പെട്ടി
പ്രൊവിൻഷ്യൽ ഹൗസ്, രാജമുടി

13 മോർണിംഗ് സ്റ്റാർ ഹോസ്പിറ്റൽ, അടിമാലി

15 മഠം വെഞ്ചരിപ്പ്, പാറത്തോട്
സിമിത്തേരി വെഞ്ചരിപ്പ്, പച്ചടി

16 ആനച്ചാൽ
കരുണ ആനിമേഷൻ സെന്റർ, നെടുങ്കണ്ടം

18 സഭാവസ്ത്രസ്വീകരണം, സി.എം.സി.

19 സുവർണജൂബിലി, എസ്.എ.ബി.എസ്.

20 വിവാഹം, കരിമ്പൻ

21-22 ഫിയാത്ത് മിഷൻ

23-28 Engaged

30 കരിമ്പൻ

# കച്ചേരി വാർത്തകൾ

## C. 32/23 മെത്രാഭിഷേക ദിനം

ഏപ്രിൽ അഞ്ചാം തീയതി മെത്രാഭിഷേകത്തിന്റെ അഞ്ചാം വാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന് രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ പ്രാർത്ഥനാ ശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

*Proto Syncellus*

## C. 33/23 നാമഹേതുക തിരുനാൾ ആശംസകൾ

ഏപ്രിൽ ഇരുപത്തിനാലാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും ഇപ്പോഴത്തെ ഇടയനായ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ഇടുക്കി രൂപതാ കുടുംബത്തിന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

*Bishop*

## C. 34/23 സന്യാസിനീ സംഗമം

ഇടുക്കി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സന്യാസിനികളുടെയും സംഗമം അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 13-ാം തീയതിയും, നെടുംകണ്ടം കരുണ ആനിമേഷൻ സെന്ററിൽ ഏപ്രിൽ 14-ാം തീയതിയും രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെടുതാണ്. എല്ലാ സിസ്റ്റേഴ്സും പ്രസ്തുത സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

## C. 35/23 മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ 3-ാം ചരമവാർഷികം

ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് നമ്മെ വേർപിരിഞ്ഞിട്ട് മെയ്

1-ാം തീയതി മൂന്നു വർഷം പൂർത്തിയാകുന്നു. അന്നേ ദിവസം രാവിലെ 6.15 ന് കത്തീഡ്രൽ ദൈവാലയത്തിൽ രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുസ്മരണ ശുശ്രൂഷയും നടത്തുന്നതാണ്. ഇടുക്കി രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും മെയ് ഒന്നാം തീയതി പിതാവിനു വേണ്ടിയുള്ള ദിവ്യബലിയും അനുസ്മരണ ശുശ്രൂഷകളും നടത്തണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

*Proto Syncellus*

## C. 36/23 മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെമ്മോറിയൽ എൻഡോവ്മെന്റ്

അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് തന്റെ ജീവിതകാലത്ത് സഭയിലും നമ്മുടെ രൂപതയിലും ജീവന്റെ പ്രധാന്യത്തെ ഉയർത്തിപ്പിടിക്കുകയും, വലിയ കുടുംബങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുകയും ചെയ്തിരുന്നു. പിതാവിന്റെ ഓർമ്മയ്ക്കായി, നമ്മുടെ രൂപതയിലെ വലിയ കുടുംബങ്ങളിലെ കുട്ടികളുടെ ഉപരിപഠനത്തിനു സഹായിക്കാനായി ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ ലക്ഷ്യത്തിനായി അഭിവന്ദ്യ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ഏപ്രിൽ 30-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ച എടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക 2023 മെയ് 31-ാം തീയതിയ്ക്കു മുമ്പ് രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. ഈ സംരംഭം നമ്മുടെ രൂപതയിൽ കൂടുതൽ വലിയ കുടുംബങ്ങൾ എന്ന അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ സ്വപ്നസാക്ഷാത്കാരത്തിനു പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

*Bishop*

## C. 37/23 രൂപതാദിന ലോഗോ മത്സരം

മെയ് 16 ന് നടക്കാൻപോകുന്ന രൂപതാദിനാചരണത്തിനു വേണ്ടി താഴെപ്പറയുന്ന നിബന്ധനകളോടെ ഒരു ലോഗോ മത്സരം നടത്താൻ ഉദ്ദേശിക്കുന്നു:

1. ഏതു പ്രായപരിധിയിൽ പെട്ടവർക്കും, ഏതു ജീവിതാന്തസ്സിൽ പെട്ടവർക്കും ഇതിൽ പങ്കെടുക്കാം.

2. പ്രമേയം : ''ഒരുമിച്ച് മുന്നോട്ട്''. (വിശദീകരണം : രൂപതയാകുന്ന കുടുംബം സിനഡാത്മക സ്വഭാവത്തോടെ മുന്നോട്ട് യാത്ര ചെയ്യുന്നു)
3. പശ്ചാത്തലം : ഇടുക്കി
4. ''ഒരുമിച്ച് മുന്നോട്ട്'' എന്ന ആപ്തവാക്യം ലോഗോയിൽ ഉണ്ടായിരിക്കണം.
5. ലോഗോ പൂർണമായും കൈകൊണ്ട് വരച്ചുണ്ടാക്കേണ്ടതാണ്.
6. വരകൾ, കളർ ഷെയ്ഡുകൾ, സിംബലുകൾ എന്നിവ ലോഗോയിൽ ഉൾപ്പെടുത്താം.
7. സ്കെച്ച് പെൻ, കളർ പെൻസിലുകൾ, പേനകൾ എന്നിവ ഉപയോഗിക്കാം.
8. തന്നിരിക്കുന്ന വിഷയം വ്യക്തമായും കൃത്യമായും പ്രകടമാക്കുന്നതായിരിക്കണം.
9. ലോഗോ മറ്റൊന്നിന്റെ കോപ്പി ആകരുത്. പൂർണമായും സ്വന്തം ആശയവും നിർമ്മിതിയുമായിരിക്കണം.
10. 4x4 ഇഞ്ച് എന്ന അളവിനുള്ളിലായിരിക്കണം ലോഗോ വരയ്ക്കേണ്ടത്
11. ലോഗോ ഏപ്രിൽ 7 നു മുമ്പ് രൂപതാ കാര്യാലയത്തിൽ എത്തിയിരിക്കണം.
12. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോയുടെ ചിത്രകാരന്/രിക്ക് 1000 രൂപയുടെ കാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്.
13. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് ഭേദഗതികൾ വരുത്താൻ സംഘാടകർക്ക് അവകാശം ഉണ്ടായിരിക്കും.

മറ്റ് വിവരങ്ങൾക്ക് ബന്ധപ്പെടുക: 9495675239

*Proto Syncellus*

## C. 38/23 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോർജ്ജ് ചക്കാങ്കൽ | ഏപ്രിൽ 24 |
| റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കൊല്ലംപറമ്പിൽ | ” |

| | |
|---|---|
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (Sr.) | ” |
| റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി | ” |
| റവ. ഫാ. ജോർജ്ജ് തകടിയേൽ | ” |
| റവ. ഫാ. ജോർജ്ജ് തുമ്പനിരപ്പേൽ | ” |
| റവ. ഫാ. ജോർജ്ജ് നിരവത്ത് | ” |
| റവ. ഫാ. ജോർജ്ജ് വലിയവീട്ടിൽ | ” |
| റവ. ഫാ. ജോർജ്ജ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് ഇടവഴിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കരിന്തേൽ | ” |
| റവ. ഫാ. ജോർജ്ജ് മുല്ലൂർ | ” |
| റവ. ഫാ. ജോർജ്ജ് നല്ലൂക്കുന്നേൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (Jr.) | ” |
| റവ. ഫാ. ജോർജ്ജ് പെരുമാലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൈതോലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൊച്ചിത്തറ | ” |
| റവ. ഫാ. വർഗീസ് മറ്റത്തിൽ | ” |
| റവ. ഫാ. ജോർജ്ജ് നമ്പ്യാപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് മുല്ലപ്പള്ളിൽ (MST) | ” |
| റവ. ഫാ. ജോർജ്ജ് കോലത്തുപടവിൽ | ” |
| റവ. ഫാ. ജോർജ്ജ് പള്ളിവാതുക്കൽ | ” |
| റവ. ഫാ. ജോർജ്ജ് മാരിപ്പാട്ട് (CMI) | ” |
| റവ. ഫാ. വർഗീസ് പാറയ്ക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കായംകാട്ടിൽ | ” |
| റവ. ഫാ. ജോർജ്ജ് പുല്ലാനിതുണ്ടത്തിൽ | ” |
| റവ. ഫാ. മർക്കോസ് ചിറ്റേമാരിയിൽ | ഏപ്രിൽ 25 |
| | *Bishop* |

# മൈനർ സെമിനാരി

## MS. 07/23 ദൈവവിളി ക്യാമ്പ്

2023-24 ബാച്ചിലേക്കുള്ള പുതിയ വൈദീക വിദ്യാർത്ഥികളെ സ്വീകരിക്കുന്നതിനും ദൈവവിളി ആഭിമുഖ്യമുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുവേണ്ടി മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് ഏപ്രിൽ 02 ഓശാന ഞായറാഴ്ച്ച വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് ഏപ്രിൽ 05 ബുധനാഴ്ച്ച രാവിലെ 10.00 മണിക്ക് അവസാനിക്കുന്ന രീതിയിൽ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു. സൽസ്വഭാവികളായ കുട്ടികളെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. ക്യാമ്പിന് വരുന്ന കുട്ടികളുടെ എണ്ണം താഴെ കാണുന്ന നമ്പറിൽ അറിയിച്ചാൽ ഉപകാരമായിരുന്നു.

| | | | |
|---|---|---|---|
| ഫോൺ നമ്പർ: | ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ | : | 8590143737 |
| | ഫാ. ജേക്കബ് മങ്ങാടംപള്ളിൽ | : | 8592034541 |
| | ഫാ. അബ്രാഹം മണിമലക്കുന്നേൽ | : | 8281416939 |

# സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ പ്രോഗ്രാം

## FY. 15/23

മാർ യൗസേപ്പിതാവിന്റെ വണക്കമാസാചരണം ഭക്തിപൂർവ്വം ആചരിക്കുന്നു.

## FY. 16/23

ബ്ര. നവീൻ കളത്തിക്കാട്ടിലിന്റെ വെസ്റ്റീഷൻ സെന്റ് ജോസഫ് ഫോർമേഷൻ ഹൗസിൽ വച്ച് 11-ാം തീയതി ശനിയാഴ്ച ആഘോഷപൂർവ്വം നടത്തി. സമർപ്പണ ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചും ധീരതയോടെയുള്ള ശുശ്രൂഷയുടെ ആവശ്യകതയെക്കുറിച്ചും വി. കുർബാന മധ്യേയുള്ള സന്ദേശത്തിൽ അഭിവന്ദ്യ പിതാവ് പങ്കുവച്ചു.

## FY. 17/23

രൂപതയുടെ ബത്‌ലേഹം കാരിത്താസ് കാരുണ്യ ശുശ്രൂഷയിൽ ബ്രദേഴ്സ് പങ്കെടുത്തു. 12-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് വിറകുശേഖരണത്തിലും മെഡിക്കൽ കോളേജിൽ ഭക്ഷണം വിതരണം ചെയ്യുന്നതിലും എല്ലാവരും സജീവമായി പങ്കുചേർന്നു.

## FY. 18/23

മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആഘോഷിച്ചു. അന്നേ ദിവസം ഒരു കുടുംബത്തെ ആദരിക്കുകയും അവരെ സഹായിക്കുകയും ചെയ്തു.

## FY. 19/23

രാജാക്കാട് ഫൊറോനായിലെ വൈദികരുടെ മാസധ്യാനം 20-ാം തീയതി തിങ്കളാഴ്ച സെന്റ് ജോസഫ് ഫോർമേഷൻ ഹൗസിൽ വച്ചു നടന്നു. എല്ലാ ജോസഫ് നാമധാരികളെയും ആദരിച്ചു.

## FY. 20/23

അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശപ്രകാരം ആരംഭിച്ച നാലാം വർഷ സെമിനാരി പരിശീലനത്തിന്റെ രണ്ടാം ബാച്ച് മാർച്ച് 31 ന് പൂർത്തിയാക്കി. ഒരു വർഷത്തെ പരിശീലന പ്രോഗ്രാമിന്റെ വിലയിരുത്തലിനായി അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ജനറാളച്ചന്മാരും ഫോർമേറ്റേഴ്സും 30-ാം തീയതി വ്യാഴാഴ്ച ഒരു യോഗം ചേർന്ന് വിലയിരുത്തി.

# സന്യസ്തർ

## 1. എഫ്.സി.സി. സന്യാസിനീസമൂഹം (FCC)

❖ ദേശീയ തൊഴിലാളി വിദ്യാഭ്യാസ വികസന ബോർഡിന്റെ കൊച്ചി റീജണൽ ഓഫീസർ ശ്രീ. സുമേഷിന്റെ നേതൃത്വത്തിൽ Short Term Training Programme മുരിക്കാശ്ശേരി അൽഫോൻസ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെന്ററിൽ വച്ചു നടത്തി. NISSO യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഈ പ്രോഗ്രാമിൽ ഇടുക്കി ജില്ല യിലെ നൂറോളം തൊഴിലാളികൾ പങ്കെടുത്തു.

❖ തങ്ങളുടെ പരിശീലനത്തിന്റെ ഭാഗമായ എക്സ്പോഷർ പ്രോഗ്രാമിനോടനുബന്ധിച്ച് സെക്കൻഡ് ഇയർ നോവിസസ്, മിസ്ട്രസ് സി. റ്റീസ, സി. ബിൻസ് മരിയ, സി. ജീസ, സി. അലീന, സി. കൃപ മരിയ, സി. സൗമ്യ, സി. നീതു മാത്യു എന്നിവരുടെ നേതൃത്വത്തിൽ പഴയരിക്കണ്ടം, പൊന്നരുത്താൻ, മൈലപ്പുഴ എന്നിവിടങ്ങളിലെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ജീർണാവസ്ഥ പ്രാപിച്ച ഒരു ഭവനം പുന:നിർമ്മിക്കുന്നതിനു 65000/രൂപ നൽകുകയും ചെയ്തു.

❖ മൈലപ്പുഴ ഗ്രാമം പുനരുദ്ധാരണ കേന്ദ്രമായി നിർമ്മൽ റാണി പ്രോവിൻസ് തിരഞ്ഞെടുത്തു. പഞ്ചായത്ത് അധികാരികളുടെ സഹകരണത്തോടെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണയുടെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ ജനങ്ങളുടെ ആവശ്യങ്ങൾ ചോദിച്ചറിയുകയും വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. തുടർന്നുള്ള പ്രോഗ്രാമുകൾ സി. ജീസയെ ചുമതലപ്പെടുത്തി.

❖ ഗ്രാമ സമുദ്ധാരണ കേന്ദ്രമായ മക്കുവള്ളിയിലെ ഏതാനും ഭവനങ്ങളിൽ സി. ജീസ, സി. സിയോണ, സി. സൗമ്യ എന്നിവർ സന്ദർശനം നടത്തി.

❖ സി. ജൂലി, സി. സോന എന്നിവർ ജയിൽ മോചിത വ്യക്തികളുടെ ഭവനങ്ങളിൽ സൗഹൃദ സന്ദർശനം നടത്തി പ്രാർത്ഥിച്ചു.

❖ മുരിക്കാശ്ശേരി അൽഫോൻസ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ

ന്യൂമാൻ എൽ.പി. സ്കൂൾ പി.ടി.എ., ആയിരം ഏക്കർ സെന്റ് തോമസ് ചർച്ച് ഇടവക സമൂഹം, ഈട്ടിത്തോപ്പ് ഇടവക മാതൃവേദി അംഗങ്ങൾ എന്നിവർക്കായി ക്യാൻസർ ബോധവൽക്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പും നടത്തി.

❖ തമിഴ്നാട്, കാമാച്ചിപുരം വില്ലേജിൽ നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പിൽ 150 രോഗികൾ പങ്കെടുത്തു.

❖ വനിതാ ദിനത്തോടനുബന്ധിച്ച് രാജമുടി മാർ സ്ലീവാ കോളേജിൽ സൗജന്യ ബ്ലഡ് ഗ്രൂപ്പ് നിർണയ ക്യാമ്പും രോഗീ ദിനത്തോടനുബന്ധിച്ച് മുരിക്കാശ്ശേരിയിലും സമീപപ്രദേശങ്ങളിലും ഉള്ള ഏതാനും ഭവനങ്ങളിൽ സൗജന്യ ഹോം കെയർ പരിപാടികളും അൽഫോൻസ ഹോസ്പിറ്റൽ സംഘടിപ്പിച്ചു.

❖ പ്രശസ്ത ക്യാൻസർ രോഗ വിദഗ്ധരായ ഡോ. രാംദാസ്, ഡോ. മോനി, ഡോ. അജിത് എന്നിവർ അൽഫോൻസ ഹോസ്പിറ്റലിൽ നടന്ന IMA മീറ്റിങ്ങിനോടനുബന്ധിച്ച് ക്യാൻസർ ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകി.

❖ മച്ചിപ്രാവ് സെന്റ് ഫ്രാൻസിസ് റിഹാബിലിറ്റേഷൻ സെന്ററിന് (സ്നേഹതീരം) അടിമാലി വൈസ് മെൻസ് ക്ലബ്ബ് ആറരലക്ഷം രൂപ വിലവരുന്ന Maruti Suzuki Eeco വാൻ സൗജന്യമായി നൽകി. അടിമാലി വൈസ് മെൻസ് ക്ലബ്ബ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ചടങ്ങിൽ ജലവിഭവ മന്ത്രി ശ്രീ. റോഷി അഗസ്റ്റിനിൽ നിന്നും വൈസ് മെൻസ് അധികാരികളുടെ സാന്നിധ്യത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ, സ്നേഹതീരം സുപ്പീരിയർ സി. ലിൻസി ജോസ്, സി. റിൻസി കുര്യൻ എന്നിവർ വാഹനം ഏറ്റു വാങ്ങി.

❖ ആലപ്പുഴ, പുന്നപ്ര ദനഹാലയ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സി. ഡെൽമിയ ഫോർമേഷൻ & കൗൺസിലിംഗ് കോഴ്സ് ഉയർന്ന മാർക്കോടെ പാസായി.

## 2. ആരാധനാ സന്യാസിനീ സമൂഹം (SABS)

❖ സി. മരിയറ്റ് വാഴയിൽ SABS, സി. അഞ്ചുറോസ് കാവളംകുഴിയിൽ SABS എന്നിവർ വിവിധ ഇടവകകളിൽ വിശുദ്ധ കുർബാനയെ പറ്റി കുട്ടികൾക്കായി അർദ്ധദിന സെമിനാർ നടത്തി. വിശുദ്ധ

കുർബാനയെ പറ്റി ആഴത്തിൽ പഠിച്ച് മനസ്സിലാക്കി തങ്ങളുടെ അനുദിന ജീവിതത്തിന്റെ ശക്തികേന്ദ്രമാക്കി മാറ്റുവാൻ കുട്ടികൾക്ക് ഇത് ഏറെ സഹായകരമായി തീരുന്നു.

❖ പാലാരിവട്ടം POC യിൽ വച്ചു നടന്ന കൗൺസിലിംഗ് കോഴ്സിൽ സി. റാണി മരിയ തോരണത്തിൽ, സി. ജോസ്നാ കുറ്റിക്കാട്ട് എന്നിവർ സംബന്ധിച്ചു.

❖ കോമ്പയാർ ഇടവകയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. ഇടവകയിലെ കുടുംബങ്ങൾ സന്ദർശിച്ച് അവരോടൊപ്പം ഒന്നിച്ചിരുന്ന് സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് ഏറെ ദൈവാനുഗ്രഹപ്രദമായിരുന്നു.

❖ വെൺമണി മോറിയ ആശ്രമത്തിൽ വച്ചു നടത്തപ്പെട്ട വചന ശുശ്രൂഷകൾക്ക് സി. അൽഫോൻസ് കടമ്പനാട്ട് നേതൃത്വം നൽകി.

❖ റവ. ഫാ. ക്ലിന്റ് MCBS ന്റെ നേതൃത്വത്തിൽ കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തിയ ഏകദിന ധ്യാനത്തിൽ എല്ലാ ഭവന സമൂഹങ്ങളിൽ നിന്നുമുള്ള മുഴുവൻ സിസ്റ്റേഴ്സും സംബന്ധിച്ചു.

❖ തങ്കമണി സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും വിരമിക്കുന്ന സി. ആൻസ് മരിയ കാട്ടിപ്പുരക്കൽ, തങ്കമണി സെന്റ് തോമസ് എൽ.പി. സ്കൂളിൽ നിന്നും വിരമിക്കുന്ന സി. ജോയ്സ് കൊച്ചുപുരയ്ക്കൽ എന്നിവരുടെ റിട്ടയർമെന്റ് പരിപാടിയിൽ ബഹു. പ്രൊവിൻഷ്യാളമ്മയും കൗൺസിലേഴ്സും പങ്കെടുത്തു.

❖ മുരിക്കാശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന മാനസിക വൈകല്യം നേരിടുന്ന സഹോദരങ്ങൾക്ക് വേണ്ടിയുള്ള സ്നേഹഭവനിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് കാരുണ്യ ശുശ്രൂഷ നടത്തി. അവരോടൊത്ത് ആയിരിക്കുകയും, സ്നേഹ ശുശ്രൂഷകൾ ചെയ്യുകയും ചെറിയ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

### 3. കർമ്മലമാതാവിന്റെ സന്യാസിനീ സമൂഹം (CMC)

❖ കോട്ടയം MOC യിൽ വച്ചു നടന്ന Superiors മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യൽ സി. ആനി പോൾ പങ്കെടുത്തു.

❖ ഹോം മിഷൻ ടീമിന്റെ നേതൃത്വത്തിൽ മച്ചിപ്ലാവ് ഇടവകയിൽ ഭവന സന്ദർശനം നടത്തി. ഇടവക വികാരി ബഹു. നോബിൾ

കുത്തനാപ്പള്ളിയച്ചന്റെ ഒരു മാസത്തെ പ്രാർത്ഥനയും ഒരുക്കങ്ങളും ഇത് വിജയത്തിലേക്ക് നയിച്ചു. 14 സിസ്റ്റേഴ്സ് ഈ ശുശ്രൂഷയിൽ പങ്കെടുത്തു.

❖ SMUPS മണിപ്പാറ, SGUPS വെൺമണി എന്നിവിടങ്ങളിൽ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ ധ്യാനവും Value Education ക്ലാസ്സുകളും നടത്തി.

❖ ബഹു. മദർ ജനറൽ സി. ഗ്രേയ്സ് തെരേസ് പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തി.

❖ പൂനയിൽ വച്ചു നടന്ന 21-ാമത് ദേശീയ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധികരിച്ച് അടിമാലി കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ പങ്കെടുത്ത് 2 സിൽവർ മെഡലും ഒരു ഓട്ടു മെഡലും കരസ്ഥമാക്കി.

❖ KCBC മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ POC യിൽ വച്ചു നടന്ന മീഡിയ, ജാഗ്രത, PRO സംയുക്ത സമ്മേളനത്തിൽ സി. സിജ മരിയ പങ്കെടുത്തു.

❖ സീയോൻ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫാമിലി അംഗങ്ങൾ മാർച്ച് 8 വനിതാ ദിനത്തിൽ നെടുങ്കണ്ടം കരുണ നിത്യാരാധന ചാപ്പലിൽ ആരാധന നടത്തി. സി. ജാസ്മിൻ, സി. പാവന, കുമാരി അനു ജോസ് എന്നിവർ നേതൃത്വം നൽകി.

❖ JCI Ladies Wing Adimaly Women Excellence Award 2023 നൽകി കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ സി. ബിജി ജോസിനെ ആദരിച്ചു.

❖ സീറോ മലബാർ സഭയുടെ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ 25-2-2023 മച്ചിപ്ലാവ് കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു. ഏറെ ബുദ്ധിമുട്ടേറിയ ഈ ശുശ്രൂഷ മേഖലയിൽ ബഹുമാനപ്പെട്ട സന്യാസിനിമാർ പുലർത്തുന്ന ശ്രദ്ധയും കരുതലും പിതാവിനെ വളരെയധികം സ്വാധീനിച്ചതായും സ്കൂളിന്റെ അന്തരീക്ഷവും നടത്തിപ്പ് രീതികളും ഇഷ്ടപ്പെട്ടതായി അറിയിക്കുകയും കുട്ടികളെല്ലാം സന്തോഷമുള്ളവരും സംതൃപ്തരുമായി കാണപ്പെട്ടതായും അറിയിച്ചു. പിതാവിന്റെ സാന്നിധ്യം കുട്ടികൾക്ക് ഏറെ ആഹ്ലാദം ആയിരുന്നു. കുട്ടികൾക്ക് മധുരം

നൽകുകയും എല്ലാവരോടും വിശേഷങ്ങൾ അന്വേഷിച്ച് സ്നേഹം പങ്കുവച്ച് ഒരുമിച്ച് പ്രാർത്ഥിച്ച് മടങ്ങുകയും ചെയ്തു.

## 4. തിരുഹൃദയ സന്യാസിനീ സമൂഹം (SH)

❖ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച്. മാർച്ച് 1-ാം തീയതി വെൺമണി സെന്റ് ജോർജ്ജ് യു.പി. സ്കൂൾ വാർഷികത്തോടും യാത്രയയപ്പു സമ്മേളനത്തോടുമനുബന്ധിച്ച് ആശംസകളർപ്പിച്ച് സംസാരിച്ചു.

❖ എസ്.എച്ച്. നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വനിതാ ദിനവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി രൂപതയിലെ പാറേൽ, മുട്ടാർ, അമ്പൂരി എന്നീ സ്ഥലങ്ങളിലെ എസ്.എച്ച്. ജി. അംഗങ്ങൾക്ക് സി. ജോംസി കാഞ്ഞിരത്താംതൊട്ടിയിൽ എസ്.എച്ച്. ചക്കയുടെ മൂല്ല്യവർദ്ധിത ഉല്പ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നല്കി. നൂറ്റമ്പതോളം വനിതകൾ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

❖ എന്റെർപ്രിനർഷിപ്പ് ഡെവലപ്മെന്റ് ഓഫ് ഇന്ത്യയുടെ കൂൺ കൃഷി പരിശീലനം പൂർത്തിയാക്കിയ വട്ടവട, രാജമുടി എസ്.എച്ച്.ജി. അംഗങ്ങളും സോണൽ ലീഡേഴ്സും ആനിമേറ്റേഴ്സും നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കന്യാകുമാരിയിലെ SMIDS എന്ന സ്ഥാപനം സന്ദർശിച്ച് പ്രാക്ടിക്കൽ പരിശീലനം നേടി. തുടർന്ന് വിശുദ്ധ ദൈവ സഹായം പിള്ളയുടെ നാമദേയത്തിലുള്ള ദൈവാലയത്തിൽ സന്ദർശനം നടത്തി.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വനിതാ ദിനവുമായി ബന്ധപ്പെട്ട് JSS ന്റെ തയ്യൽ പരിശീലനം പൂർത്തിയാക്കിയവർക്ക് പഞ്ചായത്ത് മെമ്പർ മിനി പുളിക്കക്കുന്നേൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. JSS പ്രോഗ്രാം മാനേജർ വിഷ്ണു മികച്ച സംരംഭകയായ സെലിൻ മാത്യുവിനെ ആദരിച്ച് ആശംസകളർപ്പിച്ചു. തുടർന്ന് ഫുഡ് എക്സിബിഷനും മത്സരങ്ങളും സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

❖ EDII യുടെയും നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ വട്ടവടയിൽ നടത്തിയ കൂൺ കൃഷി കോഴ്സ്

പൂർത്തിയാക്കിയവർക്ക് വട്ടവട പഞ്ചായത്ത് മെമ്പർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

❖ ജൻ ശിക്ഷാ സൻസ്ഥാന്റെയും നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ സിസ്റ്റേഴ്സിന് പ്ലംബിംഗ് പരിശീലനം രാജമുടിയിൽ ആരംഭിച്ചു.

## 5. അഗതികളുടെ സന്യാസിനി സമൂഹം (SD)

❖ കീരൻപാറ ഇടവകയിൽ 70 വയസ്സ് കഴിഞ്ഞിവരെ ഒരുമിച്ചു കൂട്ടി പ്രാർത്ഥനയും, സ്നേഹവിരുന്നും നടത്തി.

❖ വനിതാ ദിനത്തോട് അനുബന്ധിച്ച് തൊടുപുഴയിൽ വച്ച് അഡ്വക്കേറ്റ് സിസ്റ്റർ ജോസിയ എസ്.ഡി. വനിതകൾക്ക് ക്ലാസെടുത്ത് സംസാരിച്ചു.

❖ ഒറീസയിലെ ബാലസൂർ രൂപതയിലുള്ള ജ്യോതി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിന്റെ അടുത്ത് പ്രൊവിൻഷ്യൽ മദർ ജിസറാണിയും കൗൺസിലർ സി. ആൻസിലിനും സന്ദർശനം നടത്തി. കൂടാതെ ജാതിയോടാ വില്ലേജിലെ പാവപ്പെട്ട മക്കളെ സന്ദർശിക്കുകയും അവിടെയുള്ള എസ്.ഡി. സിസ്റ്റേഴ്സിന്റെ ഭവനത്തിൽ താമസിക്കുകയും ചെയ്തു.

❖ നോമ്പുകാലത്ത് "നോമ്പിന്റെ നനവ്" എന്ന പേരിൽ എല്ലാ വെള്ളിയാഴ്ചകളിലും ക്രിയേറ്റീവ് മൈനോറിറ്റി ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ പ്രഗത്ഭരായ ധ്യാനഗുരുക്കന്മാർ ഒരു മണിക്കൂർ ധ്യാന വിചിന്തനം നടത്തുന്നു.

❖ മാർച്ച് 19 വിശുദ്ധ യൗസേപ്പിതാവിന്റെ മരണ തിരുനാൾ ദിനം എല്ലാ ശാഖാ മഠങ്ങളിലും പാവപ്പെട്ട ഒരു കുടുംബത്തിന് ഭക്ഷണം കൊടുക്കുകയും അഗതികളായ മക്കളോടൊപ്പം തിരുനാൾ ആഘോഷിക്കുകയും ചെയ്തു.

❖ തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ കക്കുകളി എന്ന നാടകത്തിന്റെ പ്രതിഷേധ മാർച്ചിൽ വോയിസ് ഓഫ് nuns പ്രസിഡണ്ട് അഡ്വക്കേറ്റ് സിസ്റ്റർ ജോസിയ എസ്.ഡി. പ്രസംഗിച്ചു.

## CJ. 22/23 ഉയിർപ്പു തിരുനാൾ മംഗളങ്ങൾ

മാനവകുലത്തിന്റെ രക്ഷയ്ക്കായ് പീഡകൾ സഹിച്ചു മരിച്ച് ഉയിർത്തെഴുന്നേറ്റ മിശിഹാ തമ്പുരാന്റെ ഉയിർപ്പു തിരുനാൾ മംഗളങ്ങൾ ക്രിസ്തുജ്യോതി കുടുംബത്തിലെ എല്ലാവർക്കും ആശംസിക്കുന്നു.

## CJ. 23/23 ഓർത്തിരിക്കേണ്ട കാര്യങ്ങൾ

1) മതാധ്യാപക അവാർഡിനായി പരിഗണിക്കേണ്ടവരുടെ (25 വർഷം പൂർത്തിയാക്കിയവർ) പേരു വിവരങ്ങൾ നൽകുക. കൂടുതൽ വിവരങ്ങൾക്ക് മാർച്ച് മാസത്തിലെ സഹ്യനാദം കാണുക.
2) വാർഷിക റിപ്പോർട്ട് ഏപ്രിൽ 15 നു മുൻപായി നൽകണം. വിശദ വിവരങ്ങൾ മാർച്ച് മാസത്തിലെ സഹ്യനാദം കാണുക. വാർഷിക റിപ്പോർട്ടിന്റെ ഫോം PDF ആയി അയച്ചു തരുന്നതാണ്.
3) സുവിശേഷോത്സവ് തീയതികൾ:- ഏപ്രിൽ 10, 11, 12.
4) ബ്ലസിംഗ് സെറിമണി:- ഏപ്രിൽ 13.
5) സ്റ്റഡി ലീവ്:- ഏപ്രിൽ 14.
6) വാർഷിക പരീക്ഷ:- ഏപ്രിൽ 15.

## CJ. 24/23 മികച്ച മതാധ്യാപക അവാർഡ്

നമ്മുടെ രൂപതയിലെ എല്ലാ മതാധ്യാപകരും മികച്ച മതാധ്യാപകരാണ്. ഏറ്റവും മികച്ച മതാധ്യാപകരെ കണ്ടെത്തുക എന്നത് ശ്രമകരമായ കാര്യമാണെങ്കിലും ഈ വർഷം മുതൽ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നു. ദീർഘകാലം സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ച നാരകക്കാനം ഇടവകാംഗമായ ശ്രീ. ചുമ്മാർ മാത്യു സാറാണ് അവാർഡ് തുക സ്പോൺസർ ചെയ്തിരിക്കുന്നത്.

## CJ. 25/23 Yes പാരീഷ് മീറ്റ്

സുവിശേഷോത്സവത്തിന്റെ ഒരു ദിവസം ബഹു. വികാരിയ

ച്ചന്റെ അനുമതിയോടുകൂടി പാരീഷ് ആനിമേറ്റേഴ്സിന്റെ നേതൃത്വ ത്തിൽ എല്ലാ ബാച്ചിലേയും കുട്ടികളെ വിളിച്ചു ചേർത്ത് ഇടവകതല മീറ്റിംഗ് കൂടേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ Yes - ന്റെ അവധിക്കാല ക്യാമ്പുകളെക്കുറിച്ചാണ് അറിയിക്കേണ്ടത്. Yes - നെക്കറിച്ചുള്ള ഈ വിവരങ്ങൾ Yes - ആനിമേറ്റേഴ്സിന്റെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി അറി യിക്കുന്നതാണ്.

## CJ. 26/23 ഫിയാത്ത് മിഷൻ

ബൈബിൾ ലഭ്യമല്ലാത്ത ഭാഷകളിൽ ബൈബിൾ അച്ചടി ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന ''പാപ്പിറസ്'' പദ്ധ തിയെ സഹായിക്കാനായി ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻ ലീഗും ബൈബിൾ അപ്പോസ്റ്റലേറ്റും കൈകോർക്കുന്നു. നമ്മുടെ വീടുകളിലുള്ള പത്രങ്ങൾ, മാസികകൾ, നോട്ടുബുക്കുകൾ തുടങ്ങി ഉപയോഗശൂന്യമായ എല്ലാത്തരം പേപ്പറുകളും മിഷൻലീഗ് കുട്ടിക ളുടെ നേതൃത്വത്തിൽ ശേഖരിച്ച് തരം തിരിക്കുകയും സുവിശേഷോ ത്സവ് ദിനമായ ഏപ്രിൽ 13-ന് അതാതു ഇടവകകളിൽ എത്തിക്കു കയും വേണം. ഏപ്രിൽ 16-ാം തീയതിക്കുള്ളിൽ CML പാരീഷ് ആനിമേറ്റേഴ്സ് രൂപതാ പ്രതിനിധികളെ അറിയിക്കുകയും ചെയ്യണം. അവർ ഇടവകകളിൽ വന്ന് പേപ്പറുകൾ ശേഖരിച്ചുകൊള്ളും. വിളിക്കേണ്ട നമ്പർ: പ്രസിഡന്റ്: 9847194987, സെക്രട്ടറി: 7012978500, ഓർഗനൈസർ: 9526991277.

# CORPORATE EDUCATIONAL AGENCY

## Edn. 08/23 അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും

അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപക - അനധ്യാപ കർക്കുള്ള യാത്രയയപ്പും ഈ അധ്യാന വർഷം മികച്ച പ്രവർത്തന ങ്ങൾ നടത്തിയ സ്കൂളുകൾക്കുള്ള അവാർഡുകളുടെ വിതരണവും 2023 മാർച്ച് 25ന് ഇരട്ടയാർ സെന്റ് തോമസ് പാരിഷ്ഹാളിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച സമ്മേളനം അഭിവന്ദ്യ പിതാവ് മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. മികച്ച സ്കൂളു

കൾ, മികച്ച പി.ടി.എ. എന്നിവയ്ക്കുള്ള അവാർഡുകളും, വേദപാഠം, മോറൽ സയൻസ്, അക്കാദമിക് കൗൺസിൽ സ്കോളർഷിപ്പ് എന്നിവ നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡുകളും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. സമ്മാനാർഹരായിട്ടുള്ളവരുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## Corporate Education Agency, Diocese of Idukki

### ***BEST SCHOOL – 2022 - 23***

### L P School (Category –I)

Best L.P. School :- St. Jerome's LPS, Vellayamkudy
Second Best L.P School :- St. George's LPS, Parathode
Third Best L.P School :- St. Joseph's LPS, Kallarkutty.

### L P School (Category –II)

Best L.P School :- Vijayamatha LPS, Eattithoppe
Second Best L.P School :- Jayamatha LPS, Ezhukumvayal
Third Best L.P School :- St. Benedict's, Sleevamala

### U P School (Category - I)

Best U P School :- St. Sebastian's UPS, Nedumkandam
Second Best U P School :- Holy Queen's UPS, Rajakumary
Third Best U P School :- St. George's UPS, Vazhathope

### U P School (Category –II)

Best U.P School :- St. Jacob's UPS, Bethel
Second Best U.P School :- St. Mary's UPS, Manippara
Third Best U.P School :- St. Joseph's UPS, Josgiri

### High School – (Category – I)

Best High School :- St. Thomas' H.S.S, Erattayar
Second Best High School :- St. Xavier's H.S.S, Chemmannar
Third Best High School :- St. Mary's H.S.S, Murickassery

### High School – (Category –II)

Best High School :- St. Mary's H.S, Vazhavara
Second Best High School :- St. Sebastian's H.S, Kanthippara
Third Best High School :- Vimala H.S, Vimalagiri

## Higher Secondary School

Best Higher Secondary :- St. Xavier's H.S.S, Chemmannar
Second Best Higher Secondary :- St. Mary's H.S.S, Murickassery
Third Best Higher Secondary :- St. Thomas' H.S.S, Erattayar

## BEST PTA – 2022-23

Best PTA :- Holy Queen's UPS, Rajakumary
Second Best PTA :- Vimala H.S, Vimalagiri
Third Best PTA :- St. Joseph's UPS, Pandippara
Third Best PTA :- St. Peter's LPS, Chempakappara

## *SCHOLARSHIP WINNERS – 2022-23*
## *Academic Council*

### *Malayalam Medium*

#### *Standard - I*

1st Sreebala V - St. Mary's LPS, Murickassery
2nd Adhidev Rajeev - St. Mary's LPS, Murickassery
3rd Zion Soju - St. Mary's LPS, Murickassery

#### *Standard - II*

1st Karthika Sajin - St. Mary's LPS, Murickassery
2nd Hanna Theres Saju - St. Jacob's UPS, Bethel
3rd Ajons Anoop - St. Mary's LPS, Murickassery

#### *Standard - III*

1st Jerald Binish - St. Mary's LPS, Murickassery
2nd Ameya K Nair - Vijayamatha LPS, Eattithope
3rd Niya Binish - St. Joseph 's UPS, Pandippara

#### *Standard - IV*

1st Laya Anna Dony - Christhuraj LPS, Poomankandam
2nd Alphonse Daniel Noby- St. Joseph's UPS, Narakakkanam
3rd Julia Sibi - St. Mary's UPS, Kollimala

#### *Standard - V*

1st Sreehari Pratheesh - St. Mary's UPS, Kollimala
2nd Abhikrishna S - Vijnanam LPS, Mukkudam
3rd Christeena Joseph - St. Joseph's UPS, Josgiri.

## *Standard - VI*

| | | |
|---|---|---|
| 1st | Sharon Maria Roy | - St. Joseph's UPS, Narakakkanam |
| 2nd | Neethal Maria Jolly | - St. Mary's UPS, Kollimala |
| 3rd | Arya Sasi | - St. Mary's UPS, Kollimala |

## *Standard - VII*

| | | |
|---|---|---|
| 1st | Sneha V | - St. George's UPS, Vazhathope |
| 2nd | Abiya Saji | - St. Thomas' UPS, Mankuva |
| 3rd | Alphonsa Benny | - St. Thomas' UPS, Mankuva |

## *Standard - VIII*

| | | |
|---|---|---|
| 1st | Alana Maria Roy | - St. Jerome's H.S.S, Vellayamkudy |
| 2nd | Dilna Pradeep | - St. Jerome's H.S.S, Vellayamkudy |
| 3rd | Anuja Mohanan | - Vimala H.S, Vimalagiri |

## *Standard - IX*

| | | |
|---|---|---|
| 1st | Ashan Bava | - St. Mary's H.S.S, Mariyapuram |
| 2nd | Jeena Elsa Jimmy | - St. Mary's H.S.S, Mariyapuram |
| 3rd | Anciya Regi | - St. Mary's H.S.S, Mariyapuram |

## *English Medium*

## *Standard –I*

| | | |
|---|---|---|
| 1st | Rayan Joby | - St. Mary's LPS, Murickassery |
| 2nd | Serah Jain | - St. Mary's LPS, Murickassery |
| 3rd | Ryan Sherin | - St. Thomas' H.S.S, Erattayar |

## *Standard –II*

| | | |
|---|---|---|
| 1st | Johns James | - St. Jerome's LPS, Vellayamkudy |
| 2nd | Evlin Tom | - St. Thomas'H.S.S, Erattayar |
| 3rd | Kevin Boby | - St. Mary's LPS, Murickassery |

## *Standard –III*

| | | |
|---|---|---|
| 1st | Arunima Biju | - St. Mary's LPS, Murickassery |
| 2nd | Jovakim Shagi | - St. Thomas' H.S.S, Erattayar |
| 3rd | Heron John | - St. Jerome's LPS, Vellayamkudy |
| 3rd | Aadidev K.S. | - St. George's LPS, Parathode |

### Standard –IV

| | | |
|---|---|---|
| 1st | Anusree Unni | - St. Mary's LPS, Murickassery |
| 2nd | Deon Binoy | - St. George's LPS, Parathode |
| 3rd | Angel Maria Biju | - St. George's LPS, Parathode |

### Standard –V

| | | |
|---|---|---|
| 1st | Anson John | - St. Sebastian's UPS, Nedumkandam |
| 2nd | Sreya Agnes Siju | - St. Mary's H.S.S, Murickassery |
| 3rd | Juan Geo | - St. Jerome's UPS, Kattappana |
| 3rd | Muhammed Ehzan | - St. George's UPS, Vazhathope |
| 3rd | Haron Sibin | - St. Thomas' H.S.S, Erattayar |

### Standard –VI

| | | |
|---|---|---|
| 1st | Alex Roy | - St. George's UPS, Vazhathope |
| 2nd | Aben George | - St. Joseph's H.S, Upputhode |
| 3rd | D. Dayan | - St. Joseph's H.S, Upputhode |

### Standard –VII

| | | |
|---|---|---|
| 1st | Cera Elizabeth Sojan | - St. Sebastian's UPS, Nedumkandam |
| 2nd | Mansa M | - St. Sebastian's UPS, Nedumkandam |
| 3rd | Ameya Elizabeth Shiju | - St. George's UPS, Vazhathope |

### Standard –VIII

| | | |
|---|---|---|
| 1st | Bijil John Bency | - St. Mary's H. S.S, Mariyapuram |
| 2nd | Melvis George | - St. Mary's H. S.S, Murickassery |
| 3rd | Vismaya Sojan | - St. Mary's H. S.S, Murickassery |

### Standard –IX

| | | |
|---|---|---|
| 1st | Alinta Robin | - St. Thomas' H.S.S, Thankamany |
| 2nd | Nirmal Tom George | - St. Thomas' H.S.S, Erattayar |
| 3rd | Nandana R Nair | - St. Jerome's H.S.S, Vellayamkudy |

## SCHOLARSHIP WINNERS – 2022-23

### Catechism

### Standard –IV

| | | |
|---|---|---|
| 1st | Alin Robert | - St. Thomas' H.S.S, Erattayar |
| 1st | Deon Thomas | - St. Thomas' H.S.S, Erattayar |

2nd Abhiya Dinu - St. Thomas' H.S.S, Erattayar
3rd Nobert Alex - St. Jerome's LPS, Vellayamkudy

***Standard – VII***

1st Aleena Saji - St. Sebastian's UPS, Nedumkandam
2nd Cera Elizabeth Sojan - St. Sebastian's UPS, Nedumkandam
3rd Mistil Ann Manoj - St. Sebastian's UPS, Nedumkandam

***Standard – X***

1st Sera Boban - St. Thomas' H.S.S, Thankamany
2nd Swetha Sunny - Nirmal Jyothi, Vellayamkudy
3rd Merlin Siju - St. Mary's H.S.S, Murickassery

***Standard – XII***

1st Agnus Ranjan - St. Mary's H.S.S, Mariyapuram
2nd Rinta Kurian - St. Jerome's H.S.S, Vellayamkudy
3rd Minnu Emmanuel - St. George's H.S.S, Vazhathope

***Moral Science***

***Standard – IV***

1st Achyuth V Manoj - St. Benedict's LPS, Sleevamala
2nd Vaishnavi Vishnu - Vijnanam LPS, Mukkudam
3rd Safna S Baker - St Jerome's LPS, Vellayamkudy

***Standard – VII***

1st Manasa M - St. Sebastian's UPS, Nedumkandam
2nd Sivangi Rajeev - St. Mary's H.S.S, Murickassery
3rd Fainaz Fathima Siyad - St. Sebastian's UPS, Nedumkandam

***Standard – X***

1st Gopika Gopinath - Fathima Matha H.S, Koompanpara
2nd Karthika Murali - Nirmal Jyothi, Vellayamkudy
3rd Prajeena S.P - St. Sebastian's H.S, Kanthippara

***Standard- XII***

1st Parvathy Manoj - St. Mary's H.S.S, Mariyapuram
2nd Theertha Raju - St. Mary's H.S.S, Mariyapuram
3rd Divya S Nair - St. Jerome's H.S.S, Vellayamkudy

## PCM. 37/23 പണം നിക്ഷേപ അവബോധ പരിപാടി സംഘടിപ്പിച്ചു

ഫെബ്രുവരി 23-ാം തീയതി മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ കോമേഴ്‌സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പണം നിക്ഷേപ അവബോധ പരിപാടി സംഘടിപ്പിച്ചു. ഫിനാൻസ്, ഇൻവെസ്റ്റ്മെന്റ് വിദഗ്ദനായ ശ്രി. രാഹുൽ ദവാൻ ആണ് ക്ലാസുകൾ നയിച്ചത്.

## PCM. 38/23 പോപ്പുലർ ഹ്യുണ്ടായ് റിക്രൂട്ട്മെന്റിൽ തിരഞ്ഞെടുക്കപ്പെട്ടു

മാർച്ച് 6-ാം തീയതി പാവനാത്മാ കോളേജിൽ വച്ചു നടന്ന പോപ്പുലർ ഹ്യുണ്ടായ് റിക്രൂട്ട്മെന്റിൽ കോളേജിൽ നിന്നും 19 വിദ്യാർത്ഥികൾ വിവിധ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അക്കൗണ്ടന്റ്, സെയിൽസ്സ്, സി.അർ.ഈ., എന്നീ പോസ്റ്റുകളിലേയ്ക്കാണ് വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടത്.

## PCM. 39/23 ജനറൽ പി.ടി.എ. യോഗം സംഘടിപ്പിച്ചു

പാവനാത്മാ കോളേജ് 2022-23 അധ്യയന വർഷത്തെ പൊതു പി.ടി.എ. യോഗം മാർച്ച് 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. 10 മണിക്ക് ക്ലാസ്സ് പി.ടി.എ. കഴിഞ്ഞ ശേഷമാണ് പൊതു പി.ടി.എ. ആരംഭിച്ചത്. കോളേജ് പ്രിൻസിപ്പൽ, ബാർസാർ, വൈസ് പ്രിൻസിപ്പൽ, അധ്യാപകർ എന്നിവർ മാതാപിതാക്കളോടൊപ്പം യോഗത്തിൽ പങ്കെടുത്തു.

## PCM. 40/23 സെന്റർ ഫോർ ട്രൈബൽ സ്റ്റഡി

പാവനാത്മാ കോളേജ് മുരിക്കാശ്ശേരി സെന്റർ ഫോർ ട്രൈബൽ സ്റ്റഡിയുടെ ഉദ്ഘാടനം മാർച്ച് പതിനാറാം തീയതി കോവിൽമല രാജാവ് രാമൻ രാജമന്നാൻ നിർവഹിച്ചു.

## PCM. 41/23 ഇടുക്കി ജില്ലാ സീനിയർ അത്‌ലറ്റിക് മീറ്റിംഗ്

മാർച്ച് 18-ാം തീയതി കാൽവരിമൗണ്ടിൽ വച്ചു നടന്ന ഇടുക്കി ജില്ലാ സീനിയർ അത്‌ലറ്റിക് മീറ്റിൽ മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ടീം ഓവറോൾ ചാമ്പ്യന്മാരായി.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC. 27/23 വനിതാദിനാചരണം

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായ ഒരു വലിയ ദിനമാണ് അന്താരാഷ്ട്ര വനിതാദിനാചരണം. വിദ്യാഭ്യാസം ആരോഗ്യം, തൊഴിൽ, കുടുംബം, തുടങ്ങിയ കാര്യങ്ങളിൽ വനിതകൾ നേടിയ വിജയത്തിന്റെ ഓർമപ്പെടുത്തലുകൾ ആണ് മാർച്ച് 8. മലയാളം ക്ലബ് അക്ഷരത്താളിന്റെ നേതൃത്വത്തിൽ മാർച്ച് 8, 11 മണിക്ക് വനിതാ ദിനാഘോഷം നടത്തപ്പെട്ടു. യോഗത്തിൽ മലയാളം ക്ലബ് കോ-ഓർഡിനേറ്റർ ബിയാമോൾ ആഗസ്റ്റിൻ സ്വാഗതമാശംസിച്ചു. മുഖ്യാതിഥിയായി SN ആർട്സ് & സയൻസ്, കുമരകം കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സിമി പി. സുകുമാർ പ്രോഗ്രാമിൽ പങ്കെടുത്തു. കൂടാതെ, ഏതാണ് അസമയം? ആർക്കാണ് അസമയം? എന്ന വിഷയത്തിൽ ചർച്ചയും സംഘടിപ്പിക്കുകയും, കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അതിൽ പങ്കെടുക്കുകയും ചെയ്തു.

## MSC. 28/23 കോൺവെക്കേഷൻ ദിനാചരണം

മാർ സ്ലീവാ കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 2020-22 എം.എസ്.ഡബ്ലിയു. ബാച്ചിന്റെ കോൺവെക്കേഷൻ നടത്തപ്പെട്ടു. ഇടുക്കി ജില്ലാ സബ് കളക്ടർ ഡോക്ടർ അരുൺ എസ്. നായർ ഉദ്ഘാടനം ചെയ്യുകയും ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു. മാർ സ്ലീവാ കോളേജ് ഡയറക്ടർ റവ. ഡോ. ജോർജ് തകടിയേൽ മുഖ്യ പ്രഭാഷണം നടത്തി.

മാർച്ച് 22-ാം തീയതി സോഷ്യൽ വർക്ക് ദിനാചരണ ഭാഗമായി സോഷ്യൽ വർക്ക്ഡിപ്പാർട്ട്മെന്റ് ിന്റെ നേതൃത്വത്തിൽ ബെഥ്ലെഹേം കാരിത്താസുമായി ചേർന്ന് ഇടുക്കി മെഡിക്കൽ കോളേജിലെ നിർധനരായ രോഗികൾക്ക് ഭക്ഷണ വിതരണം നടത്തുകയും ചെയ്തു.

## MSC. 29/23 ക്യാമ്പസ് പ്ലേസ്മെന്റ്

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കരിയർ ആൻഡ് പ്ലേസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ 10-03-2023 ന് ഐസി.ഐസി.ഐ. പ്രൊഡൻഷ്യലിലേക്കുള്ള ക്യാമ്പസ് പ്ലേസ്മെന്റ് നടത്തുകയും, 9 വിദ്യാർത്ഥികൾ ജോലിക്കുള്ള അർഹത നേടുകയും ചെയ്തു.

## MSC. 30/23 അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് 2023-2024 അധ്യായന വർഷത്തിലേക്കുള്ള ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്ക് അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.

വിശദ വിവരങ്ങൾക്ക്: 9496338577, 7994131999, 9526952778, 9544747287

www.marsleeva.in
marsleevacollege@gmail.com

# സോഷ്യൽ സർവ്വീസ്

## SS 08/23 "സജീവം" ലഹരി വിമുക്ത കേരളം

കെ.സി.ബി.സിയുടെ കീഴിലുള്ള മദ്യവിരുദ്ധ സമിതിയും, കേരള സോഷ്യൽ സർവ്വീസ് ഫോറവും, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന "സജീവം" ലഹരി വിമുക്ത കേരളം തീവ്ര പ്രചരണ യജ്ഞത്തിന്റെ ഇടുക്കി രൂപതാതല ഉദ്ഘാടനം പാറത്തോട് സെന്റ് ജോർജ്ജ് ഓഡിറ്റോറിയത്തിൽ 2023 ഫെബ്രുവരി 25 ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് സീറോ മലബാർ സഭ കൂരിയ ബിഷപ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് നിർവ്വഹിച്ചു. ഇടുക്കി രൂപതാ വികാരി ജനറാളും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പ്രസിഡന്റുമായ മോൺ. ജോസ് പ്ലാച്ചിക്കൽ അദ്ധ്യക്ഷത വഹിച്ചു. സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ജോസഫ് നടുപ്പടവിൽ, കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. അലക്സ്,

മറ്റ് രൂപതാ പ്രതിനിധികൾ, എച്ച്.ഡി.എസ്. സ്റ്റാഫ് അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## SS 09/23 ഗതാഗതരംഗത്തെ അതുല്യ മഹിളാ പ്രതിഭ അവാർഡ്

വനിതാ ദിനത്തോടനുബന്ധിച്ച് കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന് കീഴിലുള്ള ദർശന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 2022-23 ലെ ഗതാഗത രംഗത്തെ അതുല്യ മഹിളാ പ്രതിഭാ അവാർഡിന് ഇടുക്കി രൂപതയിൽ നിന്ന് എച്ച്.ഡി.എസിന് കീഴിലുള്ള കഞ്ഞിക്കുഴി ക്രെഡിറ്റ് യൂണിയനിലെ അംഗമായ ശ്രീമതി മോളി തോമസ് ചെറ്റയിൽ അർഹയായി. 12 വർഷമായി ടാക്സി ഓട്ടോറിക്ഷ ഓടിച്ചാണ് ശ്രീമതി മോളി തന്റെ ഭർത്താവിനും കുടുംബത്തിനും കൈത്താങ്ങ് ആകുന്നത്. മാർച്ച് 6 ന് കോട്ടയത്ത് കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ഓഫീസിൽ വച്ചു നടന്ന ചടങ്ങിൽ K.C. B.C. Justice, Peace and Development Commission ചെയർമാൻ മാർ ജോസ് പുളിക്കൽ പിതാവിൽ നിന്ന് ഫലകവും ക്യാഷ് അവാർഡും മോളി ഏറ്റുവാങ്ങി.

## SS 10/23 മികച്ച സംരംഭക അവാർഡ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയ UPNRM പ്രോജക്ടിന്റെ ഭാഗമായി മികച്ച സംരംഭകയ്ക്കുള്ള അവാർഡിന് മുരിക്കാശ്ശേരി ക്രെഡിറ്റ് യൂണിയനിലെ അംഗമായ ശ്രീമതി സിജി ഷാജി അർഹയായി. സൊസൈറ്റിയിൽ നിന്നും നല്കിയ ലോൺ ഉപയോഗിച്ച് 2 പശുക്കളെ വാങ്ങി ഫാം തുടങ്ങിയ ശ്രീമതി സിജിയുടെ ഫാമിൽ ഇപ്പോൾ 18 പശുക്കൾ ഉണ്ട്. 07-03-2023 ൽ നബാർഡിന്റെ തിരുവനന്തപുരം ഓഫീസിൽ വച്ചു നടന്ന ചടങ്ങിൽ നബാർഡ് ചീഫ് ജനറൽ മാനേജർ ശ്രീ. ഗോപകുമാരൻ നായരിൽ നിന്നും സിജി അവാർഡ് ഏറ്റുവാങ്ങി.

## KCSL 08/23 സംസ്ഥാന എക്സിക്യൂട്ടീവ്

മാർച്ച് പതിനൊന്നാം തീയതി പി.ഒ.സി.യിൽ വച്ച് KCSL സംസ്ഥാന എക്സിക്യൂട്ടീവ് നടന്നു. രൂപതയിൽ നിന്നും സെന്റ്രൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും സംസ്ഥാന കലോത്സവത്തെക്കുറിച്ച് വിലയിരുത്തുകയും അടുത്ത പ്രവർത്തന വർഷത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

## KCSL 09/23 അഭിനന്ദനങ്ങൾ

മാർച്ച് പതിനൊന്നാം തീയതി പി.ഒ.സി.യിൽ വച്ചു നടന്ന സംസ്ഥാന എക്സിക്യൂട്ടീവിൽ UP വിഭാഗത്തിലേയ്ക്കും LP വിഭാഗത്തിലേയ്ക്കും ജെബിൻ ജേക്കബ്ബ് ഉദയഗിരി, ഷാർജറ്റ് വിമലഗിരി എന്നിവർ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു. ഇരുവർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

## KCSL 10/23 റിട്ടയർമെന്റ്

അധ്യാപന ജീവിതത്തിൽ നിന്നും ഔദ്യോഗികമായി വിരമിക്കുന്ന രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ ബഹുമാനപ്പെട്ട ബെന്നി സാറിനും സെബാസ്റ്റ്യൻ സാറിനും ആൻമേരി സിസ്റ്ററിനും കെ.സി.എസ്.എൽ. രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

## KCSL 11/23 മികച്ച സ്കൂളുകൾക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു

ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന അവാർഡ് ദാനച്ചടങ്ങിൽ ഇടുക്കി രൂപതാ കെ.സി.എസ്.എൽ. അവാർഡുകൾ പ്രഖ്യാപിച്ചു. ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ അവാർഡ് ദാനപരിപാടികൾ ഉദ്ഘാടനം ചെയ്യുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. വിദ്യാഭ്യാസ സെക്രട്ടറി ഫാ. ജോർജ്ജ് തകിടിയേൽ സ്വാഗതം ആശംസിച്ച യോഗത്തിൽ വികാരി ജനറാൾമാർ ആയ മോൺ. ജോസ്

പ്ലാച്ചിക്കൽ, മോൺ. അബ്രഹാം പുറയാറ്റ് എന്നിവർ സംസാരിച്ചു. സ്കൂൾ മാനേജർ ഫാ. ജോസ് കരിവേലിക്കൽ, കെ.സി.എസ്.എൽ. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് മങ്ങാടംപള്ളിൽ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.

**അവാർഡുകൾക്ക് അർഹരായ സ്കൂളുകൾ**

**എൽ.പി. വിഭാഗം**

1. സെന്റ് ആന്റണി എല്ലക്കൽ
2. സെന്റ് മേരീസ് മുരിക്കാശേരി
3. സെന്റ് മേരീസ് ഉദയഗിരി

**യു.പി. വിഭാഗം**

1. സെന്റ് ജോസഫ് നാരകക്കാനം
2. സെന്റ് ജേക്കബ് ബെഥേൽ
3. സെന്റ് സെബാസ്റ്റ്യൻ നെടുങ്കണ്ടം
3. സെന്റ് ജെറോംസ് വെള്ളയാംകുടി

**എച്ച്.എസ്. വിഭാഗം**

1. സെന്റ് തോമസ് ഇരട്ടയാർ
2. സെന്റ് തോമസ് തങ്കമണി
3. വിമല വിമലഗിരി

**എച്ച്.എസ്.എസ്. വിഭാഗം**

1. സെന്റ് മേരീസ് മുരിക്കാശ്ശേരി
2. സെന്റ് തോമസ് തങ്കമണി
3. ഫാത്തിമ മാതാ കൂമ്പൻപാറ

സമ്മാനാർഹരായ സ്കൂളുകൾക്കും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ആനിമേറ്റേഴ്സിനും അഭിനന്ദനങ്ങൾ നേരുന്നു.

## KCSL 12/23 ആദരവ്

മുൻ വർഷങ്ങളിൽ കെ.സി.എസ്.എൽ. പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച സി. ആൻമേരി എസ്.എച്ച്. ന് കെ. സി.എസ്.എൽ. കുടുംബത്തിന്റെ ആദരവും അഭിനന്ദനങ്ങളും.

# തിരുബാലസഖ്യം

## HC 13/23 ഓർമ്മിക്കാൻ

തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക് എത്തി നിൽക്കുകയാണ്. സുവിശേഷോത്സവ ദിനങ്ങളോടു കൂടി 2022 –23 പ്രവർത്തന വർഷം അവസാനിക്കുകയാണ്. എല്ലാ ആനിമേറ്റേഴ്സും തിരുബാലസഖ്യത്തിലെ കുട്ടികളെ ഒരുമിച്ച് കൂട്ടുവാനും ഉണ്ണീശോയുടെ ക്യാൻവാസിന്റെ പ്രവർത്തനത്തെ വിലയിരുത്തുവാനും ശ്രദ്ധിക്കുമല്ലോ. ഏറ്റവും നന്നായി വർക്ക് ചെയ്ത ഒരു കുട്ടിയുടെ ബുക്ക് ഇടവകയിൽ സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും ഇടവകയിൽ ഏതെങ്കിലും കുട്ടികൾക്ക് തിരുബാലസംഖ്യവുമായി ബന്ധപ്പെട്ട എന്തെങ്കിലും സമ്മാനങ്ങൾ ലഭിക്കാൻ ഉണ്ടെങ്കിൽ അറിയിച്ചാൽ അതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതായിരിക്കും. അതുപോലെ തന്നെ ഏതെങ്കിലും ഇടവകയിൽ ഉണ്ണിക്കൂട്ടം ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ അറിയിച്ചാൽ മതിയാവും.

# ചെറുപുഷ്പ മിഷൻലീഗ്

## CML 18/23 വചന വിരുന്ന് – നോമ്പുകാല വചന പഠനം

സുവിശേഷ ഭാഗങ്ങൾ വായിക്കുക ധ്യാനിക്കുക എന്ന ലക്ഷ്യത്തോടുകൂടി മിഷൻ ലീഗ് കുട്ടികൾ വചന വിരുന്ന് എന്ന പേരിൽ 49 ദിവസങ്ങൾ കൊണ്ട് സുവിശേഷത്തിലെ 89 അധ്യായങ്ങൾ വായിച്ച് ധ്യാനിക്കുന്നു. വചന പഠനത്തിലൂടെ ഈശോയെ കൂടുതൽ ആഴത്തിൽ അറിയുവാനും നോമ്പുകാലം പ്രാർത്ഥനാപൂരിതമാക്കുവാനും രൂപതാ മേഖലാ ശാഖാ തലത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പ്രാർത്ഥിച്ച് ഒരുങ്ങുന്നു.

## CML 19/23 പരീക്ഷ ഒരുക്ക ആരാധന നടത്തപ്പെട്ടു

മേഖല ശാഖാതലത്തിൽ എസ്എസ്എൽസി പ്ലസ്ടു പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കു വേണ്ടി പ്രത്യേക ആരാധനയും പ്രാർത്ഥനയും വിവിധ ദിവസങ്ങളിൽ നടത്തപ്പെട്ടു

## CML 20/23 നാല്പതാം വെള്ളി എഴുകുംവയൽ കുരിശുമല കാൽനട തീർത്ഥാടനം

ഇടുക്കി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനോടൊപ്പം ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ രൂപതാ മേഖലാ ശാഖാതലത്തിൽ കാൽനടയായി എഴുകുംവായൽ കുരിശുമലയിലേക്ക് തീർത്ഥാടനം നടത്തി. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

## CML 21/23 ശാഖാ മേഖല വാർഷിക റിപ്പോർട്ട്

2022-2023 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് മെയ് 28 ന് മുൻപായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശാഖയിൽ നിന്ന് റിപ്പോർട്ട് അയയ്ക്കുന്നവർ ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേക്കും മറ്റൊന്ന് അതാതു മേഖലയ്ക്കും കൊടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

## CML 22/23 അവധിക്കാല ക്യാമ്പുകൾ

അവധിക്കാലത്ത് ശാഖകളിൽ ക്യാമ്പുകൾ നടത്താൻ ആഗ്രഹിക്കുന്നെങ്കിൽ രൂപതയിൽ നിന്നും ക്യാമ്പ് നടത്തുന്നതിന് റിസോഴ്സ് ടീമിനെ ക്രമീകരിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്** : രൂപതാ പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യനേയോ രൂപതാ ജനറൽ സെക്രട്ടറി ശ്രീ. അമൽ ജോണിയേയൊ രൂപതാ ഓർഗനൈസർ ശ്രീ. അജയ് ഫ്രാൻസീസിനെയൊ ബന്ധപ്പെടുക.

## CML 23/23 ഫിയാത്ത് മിഷന് വേണ്ടി പേപ്പർ സമാഹരണം

ഈ വർഷം സുവിശേഷോത്സവത്തിന്റെ സമയത്ത് മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ കുട്ടികളൊക്കെ എഴുതി ഉപേക്ഷിച്ച ബുക്കുകളും അവരുടെ കഴിഞ്ഞ വർഷത്തെ പുസ്തകങ്ങളും അതു

പോലെതന്നെ വീടുകളിലുള്ള മറ്റ് പേപ്പറുകളുമൊക്കെ കളക്റ്റ് ചെയ്യുന്നു. പത്രങ്ങൾ, മാസികകൾ, നോട്ടുബുക്കുകൾ തുടങ്ങി ഉപയോഗ ശൂന്യമായ എല്ലാത്തരം പേപ്പറുകളും കുട്ടികളുടെ നേതൃത്വത്തിൽ സുവിശേഷോത്സവദിനത്തിൽ ഏപ്രിൽ 13 ന് അതാത് ഇടവകകളിൽ എത്തിക്കുക. CML ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ പേപ്പറുകൾ തരംതിരിച്ച് കെട്ടിയടുക്കി ഇടവകയിൽ സൂക്ഷിക്കുക. 16-ാം തീയതിക്കുള്ളിൽ CML പാരിഷ് ആനിമേറ്റേഴ്സ് CML രൂപതാ പ്രതിനിധികളെ അറിയിക്കുക.

President: 9847194987
Secretary: 7012978500
Organiser: 9526991277

## CML 24/23 മിഷൻ കാർഡ് - ശാഖാ വിഹിതങ്ങൾ

2022-2023 പ്രവർത്തന വർഷത്തെ ശാഖാവിഹിതവും മിഷൻ കാർഡിന്റെ വിഹിതവും നൽകാത്ത ശാഖകൾ ഏപ്രിൽ മാസം അഞ്ചാം തീയതിക്കു മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ശ്രമിക്കുമല്ലോ.

# കെ.സി.വൈ.എം. (SMYM)

## KCYM 13/23 വാർഷിക സെനറ്റ് സമ്മേളനം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ 20-ാമത് വാർഷിക സെനറ്റ് സമ്മേളനം ഫെബ്രുവരി 25, 26 തീയതികളിലായി പാറത്തോട്ടിൽ വച്ച് നടത്തപ്പെട്ടു. സീറോ മലബാർ സഭയുടെ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തതിനെ തുടർന്ന് പുതിയ രൂപതാ സമിതിയുടെ തിരഞ്ഞെടുപ്പും നടത്തപ്പെട്ടു. ശ്രീ. ജെറിൻ ജെ. പട്ടാംകുളം പുതിയ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി സാം സണ്ണി, വൈസ് പ്രസിഡന്റുമാരായി സച്ചിൻ സിബി, അഞ്ജലി ജോർജ്, സെക്രട്ടറിമാരായി ജോർജ് ജോസഫ്, അനിറ്റ സണ്ണി, ട്രഷററായി ജോയിസ് ഇമ്മാനുവൽ എന്നിവരെയും തിരഞ്ഞെടുത്തു.

## KCYM 14/23 വിദ്യാർത്ഥികൾക്കു വേണ്ടി ശബ്ദമുയർത്തി കെ.സി.വൈ.എം.

വിദ്യാർത്ഥികളുടെ കൺസഷൻ വെട്ടിക്കുറച്ച KSRTC യുടെ നടപടിക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപതാ പ്രതിഷേധം പ്രകടിപ്പിച്ചു.

## KCYM 15/23 ലഹരി വിരുദ്ധ ഞായർ ആചരിച്ചു

ഇടുക്കി രൂപതാ മദ്യവിരുദ്ധ സമിതിയുടെയും കീരിത്തോട് കെ.സി.വൈ.എം. യൂണിറ്റിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ ഞായർ ആചരണത്തിൽ കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതി അംഗങ്ങൾ പങ്കെടുത്തു. പ്രസിഡണ്ട് ജെറിൻ ജെ. പട്ടാംകുളം പതാക ഉയർത്തി. തുടർന്ന് കീരിത്തോട്ടിൽ നിന്നും ചേലച്ചുവട്ടിലേയ്ക്ക് വാഹനറാലി നടത്തുകയും പിന്നീട് പൊതുസമ്മേളനവും പ്രതിഷേധ ജ്വാലയും സംഘടിപ്പിക്കുകയും ചെയ്തു.

## KCYM 16/23 പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ്

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ 2023 പ്രവർത്തന വർഷത്തെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ് രൂപതാ കാര്യാലയത്തിൽ വച്ചു നടത്തപ്പെട്ടു. രൂപതാ സമിതി അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കുകയും ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ യുവജനങ്ങൾക്കു വേണ്ട നിർദേശങ്ങൾ നൽകുകയും പുതിയ രൂപതാ സമിതിക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

## KCYM 17/23 മുറ്റത്തൊരു കരുതൽ

വേനൽ കനത്തുകൊണ്ടിരിക്കുന്നതിനാൽ പ്രകൃതിയിലെ ജീവജാലങ്ങൾക്ക് കുടിവെള്ളം കിട്ടാതെ വരുന്ന സാഹചര്യത്തിൽ ജീവജലത്തിന് ഒരു മൺപാത്രം പദ്ധതിക്ക് കെ.സി.വൈ.എം. ഇടുക്കി രൂപത തുടക്കമിട്ടു. ഓരോ ജീവജാലങ്ങൾക്കും ദാഹജലം ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇടുക്കി രൂപതയിലെ ഓരോ ഇടവകയിലും കെ.സി.വൈ.എം. ഈ പദ്ധതി ഒരുക്കുന്നത്.

## KCYM 18/23 ജനകീയ സമരത്തിന് കെ.സി.വൈ.എം. - ന്റെ ഐക്യദാർഢ്യം

വന്യജീവികളുടെ ശല്യം മൂലമുള്ള ആശങ്കകൾക്ക് നേരെ അധികാരികൾ നടത്തുന്ന അവഗണനക്കെതിരെ വാത്തിക്കുടി പൗര സമിതി നടത്തിയ പ്രതിഷേധ സമരത്തിന് കെ.സി.വൈ.എം. ഇടുക്കി രൂപത ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സമിതി അംഗങ്ങൾ പ്രതിഷേധത്തിൽ പങ്കെടുത്തു.

## KCYM 19/23 എസ്.എഫ്.ഐ. യുടെ അവഹേളനത്തിനെതിരെ പ്രതിഷേധം

മഹത്വത്തിന്റെ അടയാളമായ വി. കുരിശിനെ അവഹേളിക്കുന്ന തരത്തിലുള്ള എസ്.എഫ്.ഐ. യുടെ പ്രവർത്തനങ്ങൾക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത പ്രതിഷേധിച്ചു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 18/23 ജീസസ് യൂത്ത് ഇടുക്കി സോണിനു പുതിയ നേതൃത്വം

2023 മുതൽ 2025 വരെ ഇടുക്കി സോണിനെ നയിക്കാനുള്ള കൗൺസിൽ ടീമിനെ കമ്മിറ്റ്മെന്റ് എടുത്ത ജീസസ് യൂത്ത് എല്ലാവരും ചേർന്നു തിരഞ്ഞെടുക്കുകയും പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിച്ച് പുതിയ ടീം ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു. മാർച്ച് 11 ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വെച്ചു നടന്ന സോണൽ അസംബ്ലിയിലാണ് പുതിയ കൗൺസിൽ ടീം തിരഞ്ഞെടുക്കപ്പെട്ടത്. കോർഡിനേറ്ററായി താന്നിക്കണ്ടം ഇടവകയിൽനിന്നുള്ള അമൽ ജോണി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട ടീം അംഗങ്ങൾ ഇവരാണ്.

അമൽ ജോണി - കോർഡിനേറ്റർ (താന്നിക്കണ്ടം ഇടവക)
മിഥുൻ സണ്ണി - അസി. കോർഡിനേറ്റർ (തോപ്രാംകുടി ഇടവക)
ജിതിൻ ഫ്രാൻസിസ് (പണിക്കൻകുടി ഇടവക)
ഡെലിറ്റ മാത്യു (രാജാക്കാട് ഇടവക)
ജൂലിയറ്റ് സാലു (മുരിക്കാശ്ശേരി ഇടവക)

ജീസ് ഫ്രാൻസിസ് (അടിമാലി ഇടവക)
മരിയ ആൻസൺ (വാഴത്തോപ്പ് ഇടവക)
ഡെന്നിസ് കെ. അലക്സ് (മഞ്ഞപ്പാറ ഇടവക)
മെർലിൻ കെ. ജെയിംസ് (തങ്കമണി ഇടവക)
ഷിൻസ് പി. കുര്യാക്കോസ് (അടിമാലി ഇടവക)
എബിൻ ടോമി - Ex officio (കൈലാസം ഇടവക)
തോമസ് ജേക്കബ് - Lay Animator (വാഴത്തോപ്പ് ഇടവക)
ജോയ് റ്റി.എം. & ഡെയ്സി ജോയ് - ഫാമിലി കോർഡിനേറ്റർസ് (പാറത്തോട് ഇടവക)
ഫാ. ആന്റണി പാറക്കടവിൽ - Chaplain
സി. ബ്ലെസി സിഎംസി - സിസ്റ്റർ ആനിമേറ്റർ

പുതിയ ടീമിന് എല്ലാവരുടെയും പ്രാർത്ഥനകളും, സഹകരണവും തുടർന്നും പ്രതീക്ഷിക്കുന്നു.

## JY 19/23 ജീസസ് യൂത്ത് ഇടുക്കി ഫാമിലി സ്ട്രീമിന് പുതിയ നേതൃത്വം

2023 മുതൽ 2025 വരെ ഇടുക്കി സോണിലെ കുടുംബങ്ങളെ നയിക്കാനുള്ള ഫാമിലി ടീമിനെ തിരഞ്ഞെടുക്കുകയുണ്ടായി. മാർച്ച് 11 ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ചു നടന്ന സോണൽ അസംബ്ലിയിലാണ് പുതിയ ഫാമിലി ടീം തിരഞ്ഞെടുക്കപ്പെട്ടത്. കോർഡിനേറ്റേഴ്സ് ആയി പാറത്തോട് ഇടവകയിൽനിന്നുള്ള ജോയ് റ്റി.എം. & ഡെയ്സി ജോയ് കുടുംബം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട ടീം അംഗങ്ങൾ ഇവരാണ്.

1. ജോയ് റ്റി.എം. & ഡെയ്സി ജോയ് - കോർഡിനേറ്റിംഗ് ഫാമിലി (പാറത്തോട് ഇടവക)
2. ടിങ്കു ദേവസ്യ & എൽസ ടിങ്കു - അസി. കോർഡിനേറ്റിംഗ് ഫാമിലി (തോപ്രാംകുടി ഇടവക)
3. അനീഷ് കെ തോമസ് & ടിന്റു അനീഷ് (ബഥേൽ ഇടവക)
4. ജോമോൻ ജോർജ് & സോഫി ജോമോൻ (മുരിക്കാശ്ശേരി ഇടവക)
5. പോൾസൺ മിട്ടത്താണി & എൽസ പോൾസൺ (മൂന്നാർ ഇടവക)
6. ആൻസൺ വർഗീസ് & മരിയ ആൻസൺ - Ex officio (വാഴത്തോപ്പ് ഇടവക)

പുതിയ ടീമിന് എല്ലാവരുടെയും പ്രാർത്ഥനകളും, സഹകരണവും തുടർന്നും പ്രതീക്ഷിക്കുന്നു.

## JY 20/23 ദിവ്യകാരുണ്യ ആരാധന

കഴിഞ്ഞ രണ്ടു വർഷക്കാലം ദൈവം നടത്തിയ വഴികളെയോർത്ത് നന്ദിപറഞ്ഞും, വരാൻ പോകുന്ന പുതിയ നേതൃത്വ നിരയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും നടത്തിയ ദിവ്യകാരുണ്യ ആരാധന മാർച്ച് 9 നു വെകുന്നേരം 6.30 മുതൽ 9.30 മണിവരെ മുളകുവള്ളി സെന്റ് ജോസഫ് ദൈവാലയത്തിൽ നടക്കുകയുണ്ടായി.

## JY 21/23 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, പാറത്തോട് എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടക്കുകയുണ്ടായി.

## JY 22/23 കൗൺസിൽ മീറ്റിങ്ങ്

2023-2025 കാലഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജീസസ് യൂത്ത് സോണൽ കൗൺസിൽ ടീമിന്റെ ആദ്യത്തെ കൗൺസിൽ മീറ്റിങ്ങ് മാർച്ച് 18, 19 തിയതികളിൽ മുളകുവള്ളി സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് സോണൽ ചാപ്ലെൻ ബഹുമാനപ്പെട്ട ആന്റണി പാറക്കടവിൽ അച്ചന്റെയും, ആനിമേറ്റർ സി. ബ്ലസി സി.എം.സി. യുടെയും സാന്നിധ്യത്തിൽ നടക്കുകയുണ്ടായി. കൗൺസിൽ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം മീറ്റിങ്ങിൽ ഉടനീളം ഉറപ്പാക്കി. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ഒടുവിൽ ദൈവ തിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, പ്രാർത്ഥനയോടെ കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## ഫാമിലി അപ്പോസ്റ്റലേറ്റ്

### FA 4/23 വിവാഹ ഒരുക്ക സെമിനാർ ഏപ്രിൽ 2023

സ്നേഹമുള്ളവരെ, ഇടുക്കി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് നടത്തി വരുന്ന വിവാഹ ഒരുക്ക സെമിനാർ മാർച്ച് 31, ഏപ്രിൽ 1, 2; ഏപ്രിൽ 21, 22, 23 തീയതികളിലായി അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

പങ്കെടുക്കുന്നവർ മൂന്ന് ദിവസം താമസിച്ച് പങ്കെടുക്കുവാൻ വേണ്ട ആവശ്യവസ്തുക്കളും ബഹു. വികാരിയച്ചന്റെ എഴുത്തും കരുതേണ്ടതാണ്.

വിവാഹ ഒരുക്ക കോഴ്സിന്റെ അവസാന ദിവസം ഉച്ചയ്ക്ക് മാതാപിതാക്കൾക്ക് ഒരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

രജിസ്റ്റർ ചെയ്യാൻ വിളിക്കേണ്ട നമ്പറുകൾ:-

**ഫാമിലി അപ്പോസ്റ്റലേറ്റ് - 9447413328**
**സി. സോഫിയ റോസ് CMC - 6235931254**
**സി. നിത്യ CMC - 8078755919**

## മാതൃവേദി

### MV 03/23 മേഖലാ കൺവെൻഷനുകൾ

ഫെബ്രുവരി 25-ാം തീയതി ചുരുളി സെന്റ് തോമസ് ഫോറോനാ ദൈവാലയത്തിൽ വച്ച് ചുരുളി മേഖലാ കൺവൻഷൻ നടത്തപ്പെട്ടു.

ഫെബ്രുവരി 26-ാം തീയതി മുരുക്കാശ്ശേരി സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് മാതൃവേദി മേഖലാ കൺവൻഷൻ ഇടുക്കി രൂപത അഭിവന്ദ്യപിതാവ് ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

മാർച്ച് 12-ാം തീയതി വെള്ളത്തൂവൽ സെന്റ് ജോർജ് ഫൊ

റോനാ ദൈവാലയത്തിൽ വച്ച് വെള്ളത്തൂവൽ മേഖലാ കൺവൻഷൻ നടത്തി.

## MV 04/23 വനിതാദിന ആഘോഷങ്ങൾ

മാർച്ച് 12-ാം തീയതി വെള്ളത്തൂവൽ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് റവ. ഫാദർ തോമസ് ആനിക്കുഴിക്കാട്ടിൽ വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്തു.

## MV 05/23 രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

മാർച്ച് 25-ാം തീയതി ശനിയാഴ്ച കരിമ്പൻ സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ വച്ച് മാതൃവേദി രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി.

**2023-26 വർഷത്തെ പുതിയ രൂപത ഭാരവാഹികൾ**

| | | |
|---|---|---|
| **രൂപതാ പ്രസിഡന്റ്** | : | ഷെർളി ജൂഡി തെക്കിനേടത്ത്, കൂമ്പൻപാറ (അടിമാലി) |
| **വൈസ് പ്രസിഡണ്ട്** | : | മിനി ഷിജു കുഴിക്കാട്ടിൽ, വാഴത്തോപ്പ് (ഭൂമിയാംകുളം) |
| **ജന. സെക്രട്ടറി** | : | ആഗ്നസ് ബേബി പടിഞ്ഞാറേമാതേയ്ക്കൽ, വാഴത്തോപ്പ് |
| **ജോ. സെക്രട്ടറി** | : | ലിസി ജോസ് തോട്ടുങ്കൽ, പാറത്തോട് (ചിന്നാർനിരപ്പ്) |
| **ട്രഷറർ** | : | ലിസി ജോണി ഇല്ലിമൂട്ടിൽ, ഇരട്ടയാർ |
| **സെനറ്റ് അംഗങ്ങൾ** | : | ഷൈനി സണ്ണി പാറപ്പുറത്ത്, നെടുങ്കണ്ടം (പച്ചടി) |
| | : | ബിന്ദു വർഗീസ് കണ്ടത്തിൻകരയിൽ, രാജക്കാട് (ചെമ്മണ്ണാർ) |



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 12/23 കേരള കരിസ്മാറ്റിക് സർവീസ് ഓഫ് കമ്മ്യൂണിയൻ സന്ദർശനം

മാർച്ച് 8-ാം തീയതി കീരിത്തോട് പള്ളിയിൽ വച്ച് KCSC യുടെ വിസിറ്റ് ബഹു. KCSC ഡയറക്ടർ റവ. ഫാ. ജോസഫ് താമരവെളിയുടെ നേതൃത്വത്തിൽ നടന്നു.

രാവിടെ 9.30 ന് ജപമാലയോടുകൂടി ആരാംഭിച്ച പ്രസ്തുത സമ്മേളനത്തിൽ സോണൽ ആനിമേറ്റർ, സോണൽ സർവീസ് ടീം അംഗങ്ങൾ, സബ്സോൺ സർവീസ് ടീം അംഗങ്ങൾ, പ്രാർത്ഥനാ ഗ്രൂപ്പ് സർവീസ് ടീം അംഗങ്ങൾ, മിനിസ്ട്രി സർവീസ് ടീം അംഗങ്ങൾ, കഴിഞ്ഞ കാലങ്ങളിലെ സോണൽ സർവീസ് ടീം കോഡിനേറ്റർമാർ, ടീം അംഗങ്ങൾ, മിനിസ്ട്രി അംഗങ്ങൾ, എന്നിവർ പങ്കെടുത്തു.

ഉച്ചഭക്ഷണത്തിനുശേഷം LSS ട്രെയ്നിങ് ലഭിച്ചവർ, YU4C മിനിസ്ട്രി അംഗങ്ങൾ, സോണൽ സർവീസ് ടീം, സബ് സോൺ കോഡിനേറ്റർമാർ എന്നിവരുമായി പ്രത്യേകം മീറ്റിങ്ങുകൾ നടത്തി.

**സന്ദർശനവേളയിൽ താഴെ പറയുന്ന നിർദേശങ്ങൾ നൽകപ്പെട്ടു**

- ❖ എൽഎസ്എസ് സെമിനാർ ഇടവകകൾ കേന്ദ്രീകരിച്ച് നടത്തണം.
- ❖ പ്രാർത്ഥനാ കൂട്ടായ്മകൾ ഇല്ലാത്ത ഇടവകകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകൾ തുടങ്ങണം.
- ❖ നേതൃത്വം, ശിഷ്യത്വം, ദൗത്യം, കാരിസം എന്നിവയിൽ നാല് ഫോർമേഷൻ ധ്യാനങ്ങൾ നടത്തണം.
- ❖ 50 കുടുംബങ്ങളെ എങ്കിലും മിഷനറി കുടുംബങ്ങളായി മാറ്റണം. ഈ കുടുംബങ്ങളെ സോൺ തലത്തിൽ ആറുമാസത്തിനുള്ളിൽ കണ്ടെത്തി പ്രസ്തുത കുടുംബങ്ങളുടെ ലിസ്റ്റ് എമ്മാവൂസിലേക്ക് നൽകണം.

## PG 13/23 ഹോം മിഷൻ

മണിയാറൻകുടി ഇടവകയിലെ വാർഷിക ധ്യാനത്തിന് ഒരു

ക്കമായി 45 പേരുടെ ഒരു ടീം ഫെബ്രുവരി 26 ന് ഇടവകയിലെ ഭവനങ്ങളിൽ സന്ദർശനം നടത്തി. മാർച്ച് 12 ന് പഴയരികണ്ടം ഇടവകയിൽ ഹോം മിഷൻ നടന്നു.

### PG 14/23 പുണ്യ വഴികളിലൂടെ

ദമ്പതി മിനിസ്ട്രിയുടെ നേതൃത്വത്തിൽ 50 നോമ്പിനോടനുബന്ധിച്ച് നോമ്പിന്റെ ഒന്നാം ദിനം മുതൽ 'പുണ്യ വഴികളിലൂടെ' എന്ന പേരിൽ നോമ്പുകാല ചിന്തകളും ദൈവവചനവും ആശയങ്ങളും ഉൾപ്പെടുത്തി വീഡിയോകൾ തയ്യാറാക്കി വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി അയയ്ക്കുന്നു.

### PG 15/23 പ്രയർ ഗ്രൂഷ് കുടുംബ സംഗമവും സായാഹ്ന കൺവൻഷനുകളും

അടിമാലി പ്രയർ ഗ്രൂപ്പ് കുടുംബ സംഗമം ഫെബ്രുവരി മാസാം 19-ാം തീയതി വൈകിട്ട് 7 മണി മുതൽ 9 മണി വരെ അടിമാലി സെന്റ് ജൂഡ് പള്ളിയിൽ നടന്നു. ദമ്പതി മിനിസ്ട്രിയുടെ നേതൃത്വത്തിൽ സോണിലെ ഇടവകകൾ കേന്ദ്രീകരിച്ച് സായാഹ്ന കൺവൻഷനുകൾ നടന്നുവരുന്നു.

## കുടുംബക്കൂട്ടായ്മ

### SCC 06/23 കുടുംബക്കൂട്ടായ്മാ ഡയറി വിതരണം ചെയ്തു

കുടുംബക്കൂട്ടായ്മകളിലെ സെക്രട്ടറിമാർക്കുപയോഗിക്കത്തക്കവിധം തയ്യാറാക്കിയിരിക്കുന്ന ഡയറി പാണ്ടിപ്പാറ സെന്റ് ജോസഫ് ഇടവകയിലെ മുഴുവൻ കൂട്ടായ്മാ സെക്രട്ടറിമാർക്കും വിതരണം ചെയ്തു. കൂട്ടായ്മകളിലെ എല്ലാ വീടുകളിലേയും മുഴുവൻ അംഗങ്ങളുടേയും ഹാജർ രേഖപ്പെടുത്താനും കൂട്ടായ്മയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്താനും ഓരോ അംഗങ്ങളുടേയും ജനനത്തീയതി, വിവാഹത്തീയതി തുടങ്ങിയവ രേഖപ്പെടുത്തി വയ്ക്കാനും ഉപയുക്തമാകുന്ന ഡയറി തങ്ങൾക്ക് വളരെ ഉപകാരപ്രദമാകുമെന്ന് കൂട്ടായ്മാ സെക്രട്ടറിമാർ അഭിപ്രായ

പ്പെട്ടു. ഇടവക വികാരിയും കൂട്ടായ്മാ രൂപതാ ഡയറക്ടറുമായ ഫാ. മാത്യു പുതുപ്പറമ്പിൽ പ്രസ്തുത യോഗത്തിൽ അധ്യക്ഷം വഹിച്ചു.

## SCC 07/23 ഇടവക സായാഹ്നം

കുടുംബക്കൂട്ടായ്മകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഇടവകകളിലെ ഭക്തസംഘടനാ പ്രതിനിധികൾ, വിശ്വാസപരിശീലകർ എന്നിവരെ ചേർത്ത് നേതൃത്വസംഗമം ഇടവകതലത്തിൽ നടത്താനുള്ള ടീമിനെ കുടുംബ കൂട്ടായ്മ രൂപതാ സമിതി തയ്യാറാക്കി. ഓരോ ഇടവകയിലും മൂന്ന് മണിക്കൂർ വീതം ദൈർഘ്യമുള്ള പ്രോഗ്രാമാണിത്. ക്ലാസുകൾ, വർക്ഷോപ്പുകൾ, ചർച്ചകൾ, ആരാധന തുടങ്ങിയവ ഈ പ്രോഗ്രാമിന്റെ ഭാഗമായിരിക്കുമെന്ന് ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിൽ അറിയിച്ചു. ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകളിൽ ഈ പരിശീലന പരിപാടി ആഗ്രഹിക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർ 9947340325, 9447302421 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം. കുടുംബ കൂട്ടായ്മകളിലെ സെക്രട്ടറിമാർക്ക് ഉപയോഗിക്കാനുള്ള ഡയറി രൂപതാ കേന്ദ്രത്തിൽ ഉള്ള ക്രിസ്തുജ്യോതി ബുക്ക് സ്റ്റാളിൽ 120 രൂപ നിരക്കിൽ വിതരണത്തിന് തയ്യാറായിട്ടുണ്ട്.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 19/23 പ്രതിഷേധിച്ചു

കക്കുകളി നാടകത്തിലൂടെ കത്തോലിക്കാ സഭയേയും സന്യസ്തരേയും അവഹേളിക്കുന്നതിനെതിരെ ദൃശ്യപത്രമാധ്യമങ്ങളിലൂടെ പ്രതിഷേധിക്കുകയും, പ്രസ്തുത നാടകം നിരോധിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്കും സാംസ്കാരിക വകുപ്പ് മന്ത്രിക്കും നിവേദനം നല്കുകയും ചെയ്തു.

## AKCC 20/23 ഇടവക സന്ദർശനം നടത്തി

കത്തോലിക്കാ കോൺഗ്രസ് രൂപത ഭാരവാഹികൾ അടിമാലി മേഖലയിലെ വിവിധ ഇടവകകൾ സന്ദർശിക്കുകയും യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരണ

ത്തിനുവേണ്ടിയുള്ള പ്രാഥമിക നടപടികൾ ആരംഭിക്കുകയും ചെയ്തു.

### AKCC 21/23 സംഘാടക സമിതി രൂപീകരിച്ചു

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ വിവിധ വിവിധ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് മാർച്ച് 25-ാം തീയതി അടിമാലിയിൽ നടത്തപ്പെടുന്ന കർഷക സമരത്തിന്റെ സംഘാടക സമിതി രൂപീകരിച്ചു. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം, ഫാ. മാത്യു കരോട്ടുകൊച്ചറക്കൽ, ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, ഫാ. ജോസഫ് കൊച്ചുകുന്നേൽ, ഫാ. ജോസഫ് പാലക്കുടി കത്തോലിക്കാ കോൺഗ്രസ് രൂപതാ, യൂണിറ്റ് ഭാരവാഹികൾ, ഇടവക പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# കെസിബിസി വനിതാ കമ്മീഷൻ

### 1. അന്തർദേശീയ വനിതാ ദിനം 2023

ഇടുക്കി രൂപതാ കെ.സി.ബി.സി. വനിതാ കമ്മീഷന്റെയും രൂപതാ മാതൃവേദിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ വെള്ളത്തൂവൽ സെന്റ് ജോർജ് ഫോറോനാ ചർച്ച് പാരീഷ് ഹാളിൽ വച്ച് 2023-ലെ വനിതാ ദിനാഘോഷങ്ങൾ നടത്തി. രൂപതാ/മേഖലാ ഭാരവാഹികളും രൂപതാ വനിതാ കമ്മീഷൻ ഭാരവാഹികളും പുരുഷ പ്രതിനിധികളും പങ്കെടുത്ത യോഗം രൂപതാ ഡയറക്ടർ റവ. ഫാ. ജെയിംസ് മാക്കിയിൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച് മുഖ്യസന്ദേശം നൽകി. മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി ഷൈനി മാത്യു, കെ.സി.ബി.സി. വനിതാ കമ്മീഷൻ രൂപതാ സെക്രട്ടറി റോസക്കുട്ടി എബ്രാഹം, ആനിമേറ്റർ റവ. സി. ട്രീസാ എസ്.എച്ച്. എന്നിവർ വനിതാ ദിന സന്ദേശങ്ങൾ നൽകി.

2. ഇടുക്കി രൂപതാ കെ.സി.ബി.സി. വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പരിശുദ്ധ മാതാവിന്റെ മംഗളവാർത്ത ദിനത്തിൽ (25-03-2023) ഫണ്ടു സമാഹരിച്ച് ഒരു വൈദിക വിദ്യാർത്ഥിയെ പഠിപ്പിക്കുന്നതിനുള്ള തുക അഭിവന്ദ്യ പിതാവിനെ ഏൽപിക്കുകയുണ്ടായി.

## വന്യമൃഗഭീതിയിൽനിന്ന് മലയോര ജനതയെ രക്ഷിക്കണം: മാർ ജോൺ നെല്ലിക്കുന്നേൽ

ഹൈറേഞ്ച് ജനത ഇന്ന് വലിയ ഭീതിയിലാണ്. കുടിയേറ്റക്കാലത്തെ അതിശയിപ്പിക്കുന്ന തരത്തിലുള്ള വന്യമൃഗശല്യം കൊണ്ട് ജനം പൊറുതിമുട്ടുകയാണ്. കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന കർഷകരുടെ ദേഹണ്ഡങ്ങളൊക്കെ വന്യമൃഗങ്ങൾ നശിപ്പിക്കുന്നു. വാത്തിക്കുടി, കാമാക്ഷി, ഇരട്ടയാർ പഞ്ചായത്തുകളിലൊക്കെ കടുവയുടെയും പുലിയുടെയും സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അടിമാലി ടൗണിൽ കാട്ടുപന്നിയുടെ സാന്നിധ്യവും കണ്ടു. മൂന്നാർ പ്രദേശത്ത് പടയപ്പ, അരികൊമ്പൻ ആനകൾ സാധാരണക്കാരുടെ ഇടയിൽ ക്രൂരവിനോദങ്ങൾ നടത്തുന്നു. പട്ടാപ്പകൽ പോലും പുലിയുടെ സാന്നിധ്യം ഉണ്ടാകുന്നതിനാൽ ഹൈറേഞ്ചിലെ ജനം ഏറെ പരിഭ്രാന്തിയിലാണ്. ഉത്തരവാദിത്തപ്പെട്ടവർ ജനത്തിന്റെ ആശങ്ക ഉൾക്കൊള്ളണം. ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തേണ്ട സർക്കാർ ഈ വിഷയത്തിൽ അടിയന്തര ശ്രദ്ധ ചെലുത്തണം. വന്യമൃഗങ്ങളുടെ സാന്നിധ്യം കണ്ട് ദിവസങ്ങൾ കഴിഞ്ഞിട്ടും നടപടി എടുക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള മെല്ലെപ്പോക്ക് അത്യന്തം ഖേദകരമാണ്. വനം വകുപ്പിന്റെ നിഷ്ക്രിയത്വവും നടപടികളിലെ വീഴ്ചയും സാധാരണക്കാരിൽ വലിയ സംശയം ഉളവാക്കുന്നുണ്ട്. ആയതിനാൽ വനംവകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുകയും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ദ്രുതഗതിയിലുള്ള നടപടികൾ സ്വീകരിച്ച് ജനത്തിന്റെ ആശങ്കയും ഭയവും ദുരീകരിക്കണം.

## മാർ ജോസഫ് പൗവ്വത്തിൽ കാലം ചെയ്തു

ചങ്ങനാശേരി അതിരൂപതയുടെ മുൻ അധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ കാലം ചെയ്തു. 92 വയസ്സുണ്ടായിരിന്ന അദ്ദേഹം വിശ്രമജീവിതത്തിലായിരിന്നെങ്കിലും ആത്മീയ കാര്യങ്ങളിലും എഴുത്തിലും സജീവമായിരിന്നു. തിരുസഭ പ്രബോ

ധനങ്ങൾ മുറുകെ പിടിച്ചുള്ള അദ്ദേഹത്തിന്റെ ശക്തമായ നിലപാടുകൾ ഏറെ ശ്രദ്ധ നേടിയിരിന്നു. ദേശീയ കത്തോലിക്കാ മെത്രാൻ സമിതി, കേരള കത്തോലിക്കാ മെത്രാൻ സമിതി എന്നിവയുടെ പ്രസിഡന്റുമായി മാർ ജോസഫ് പവ്വത്തിൽ സേവനം ചെയ്തിരിന്നു.

1930 ആഗസ്റ്റ് 14-നാണ് ജോസഫ്, മറിയക്കുട്ടി ദമ്പതിമാരുടെ മകനായി ചങ്ങനാശ്ശേരി കുറുമ്പനാടം പൗവ്വത്തിൽ വീട്ടിൽ പി.ജെ. ജോസഫ് എന്ന ജോസഫ് പൗവ്വത്തിൽ ജനിച്ചത്. 1962 ഒക്ടോബർ മൂന്നിന് പൗരോഹിത്യ സ്വീകരിച്ചു. 1962 ഒക്ടോബർ മൂന്നിനു പൗരോഹിത്യം സ്വീകരിച്ചു. 1972 ജനുവരി 29 ന് ചങ്ങനാശേരി അതിരൂപതയുടെ സഹായ മെത്രാനായി നിയമിതനായ മാർ പൗവ്വത്തിലിനെ 1972 ഫെബ്രുവരി 13 ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽവച്ച് പോൾ ആറാമൻ മാർപാപ്പയാണ് മെത്രാനായി അഭിഷേകം ചെയ്തത്.

1977 ഫെബ്രുവരി 26 ന് കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായി. 1977 മെയ് 12 ന് ബിഷപ്പായി ചുമതലയേറ്റു. ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറക്കു ശേഷം മാർ പൗവ്വത്തിൽ ചങ്ങനാശേരി ആർച്ച് ബിഷപ്പായി 1985 നവംബർ അഞ്ചിനു നിയമിതനായി. 1986 ജനുവരി 17 ന് ആർച്ച് ബിഷപ്പായി ചുമതലയേറ്റു. 1986 ജനുവരി 17 മുതൽ 2007 മാർച്ച് 19 വരെ ചങ്ങനാശേരി അതിരൂപതയെ നയിച്ചു. 1993 മുതൽ 96 വരെ കെ.സി.ബി.സി. ചെയർമാൻ, 1994 മുതൽ 98 വരെ സി.ബി.സി.ഐ. പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 2007-ൽ ആണ് അദ്ദേഹം വിരമിച്ചത്. സീറോ മലബാർ സഭയുടെ കിരീടം എന്ന പേരിൽ അദ്ദേഹം വിശേഷിക്കപ്പെട്ടിരിന്നു...

ആത്മീയ ആചാര്യനും ആദർശധീരനും വിദ്യാഭ്യാസദർശകനുമായ വലിയ ഇടയന് ഇടുക്കി രൂപതയുടെ പ്രണാമം.

മല്പാൻ മാത്യു വെള്ളാനിക്കൽ

# അനുസരണവും സ്നേഹവും

## (തിരുവചനഭാഗം: റോമാ 13,1-14)

നിലവിലിരുന്ന യഹൂദസങ്കല്പത്തെ എടുത്തു പറഞ്ഞു കൊണ്ട് അധികാരികളുമായി അനാവശ്യ തർക്കത്തിലേർപ്പെടുന്നതു നല്ലതല്ല എന്ന പൊതു ഉപദേശമാണ് പൗലോസ്ശ്ലീഹാ ഈ അദ്ധ്യായത്തിൽ നൽകുന്നത്. ഈ തിരുവചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. അധികാരത്തെ ബഹുമാനിക്കണം (13,1-4)
2. രാജ്യനിയമങ്ങൾ പാലിക്കുക (13,5-7)
3. സ്നേഹം: നിയമത്തിന്റെ പൂർത്തീകരണം (13,8-10)
4. പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുക (13,11-12)
5. ഈശോമിശിഹായെ ധരിക്കുക (13,13-14)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

**1. അധികാരത്തെ ബഹുമാനിക്കണം**

*"ഓരോരുത്തരും മേലധികാരകൾക്കു വിധേയനായിരിക്കട്ടെ. എന്തെന്നാൽ, ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്. തന്നിമിത്തം, അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവിക സംവിധാനത്തെയാണ് ധിക്കരിക്കുന്നത്. ധിക്കരിക്കുന്നവൻ തങ്ങൾക്കുതന്നെ ശിക്ഷാവിധി വരുത്തിവയ്ക്കും. സത്പ്രവൃത്തികൾ ചെയ്യുന്നവർക്കല്ല, ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർക്കാണ് അധികാരികൾ ഭീഷണിയായിരിക്കുന്നത്. നിനക്ക് അധികാരിയെ ഭയപ്പെടാതെ കഴിയണമെന്നുണ്ടോ? എങ്കിൽ നന്മചെയ്യുക; നിനക്ക് അവനിൽനിന്നു ബഹുമതിയുണ്ടാകും. എന്തെന്നാൽ, അവൻ നിന്റെ നന്മയ്ക്കുവേണ്ടി ദൈവത്തിന്റെ ശുശ്രൂഷകനാണ്. എന്നാൽ, നീ തിന്മ പ്രവർത്തിക്കുന്നുവെങ്കിൽ പേടി*

*ക്കണം. അവൻ വാൾ ധരിച്ചിരിക്കുന്നതു വെറുതേയല്ല. തിന്മ ചെയ്യുന്നവനെതിരായി ദൈവത്തിന്റെ ക്രോധം നടപ്പാക്കുന്ന ദൈവശുശ്രൂഷകനാണവൻ*" (13,1-4).

ന്യായമായ അധികാരികളെ ബഹുമാനിക്കണമെന്ന് പൗലോസ്ശ്ലീഹാ ഇവിടെ ഉൽബോധിപ്പിക്കുന്നു. ഇത് പുതിയനിയമത്തിൽ പൊതുവായി കാണുന്ന ഒരു പ്രബോധനമാണ്. പൗലോസ്ശ്ലീഹാ തിമോത്തിക്കെഴുതിയ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മാദ്ധ്യസ്ഥ്യപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വാനം ചെയ്യുന്നു. എല്ലാ ഭക്തിയിലും വിശുദ്ധിയിലും ശാന്തവും സമാധാനപൂർണ്ണവുമായ ജീവിതം നയിക്കാൻ നമുക്കിടയാകത്തക്കവിധം രാജാക്കന്മാർക്കും ഉന്നതസ്ഥാനീയർക്കും വേണ്ടിയും ഇപ്രകാരംതന്നെ ചെയ്യേണ്ടതാണ്" (1 തിമോ 2,1-2). തീത്തോസിനുള്ള ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ഭരണകർത്താക്കൾക്കും മറ്റധികാരികൾക്കും കീഴ്പ്പെട്ടിരിക്കാനും അനുസരണമുള്ളവരായിരിക്കാനും നീ ജനങ്ങളെ ഓർമ്മിപ്പിക്കുക". പത്രോസ്ശ്ലീഹായും തന്റെ ലേഖനങ്ങളിൽ ഇതുപോലെ ഉപദേശിക്കുന്നുണ്ട്: "ഉന്നതാധികാരിയായ രാജാവോ, ദുഷ്കർമ്മികളെ ശിക്ഷിക്കാനും സത്കർമ്മികളെ പ്രശംസിക്കാനുമായി രാജാവിനാൽ അയയ്ക്കപ്പെടുന്ന പ്രാദേശികാധികാരികളോ ആരായിരുന്നാലും, നിങ്ങൾ കർത്താവിനെപ്രതി എല്ലാ മാനുഷികാധികാരങ്ങൾക്കും വിധേയരായിരിക്കുവിൻ" (1 പത്രോ 2,18).

അധികാരികളെ ന്യായീകരിക്കാനല്ല, തിരുത്താനുള്ള ശ്രമമാണ് ഇവിടെ പൗലോസ്ശ്ലീഹാ നടത്തുന്നത്. റോമൻചക്രവർത്തിമാർ സ്വയം ദൈവങ്ങളായി കരുതിയിരുന്നു. ഈ രാജാരാധനയെ തള്ളിക്കളഞ്ഞുകൊണ്ടാണ് അധികാരികൾ ദൈവത്തിന്റെ ശുശ്രൂഷകർമാത്രമാണ് എന്ന ആശയം ശ്ലീഹാ അവതരിപ്പിക്കുന്നത്. അധികാരികളുടെ അനിയന്ത്രിതമായ അധികാരത്തെ പിന്താങ്ങാനല്ല, അധികാരിയുടെ അധികാരം എത്രയോ പരിമിതമാണെന്നും, ദൈവഹിതാനുസൃതം പ്രവർത്തിക്കേണ്ട ശുശ്രൂഷകൻമാത്രമാണ് ഓരോ അധികാരിയും എന്ന സത്യവുമാണ് പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നത്.

സഭയിലെ അധികാരത്തെപ്പറ്റിയും ശുശ്രൂഷാസ്വഭാവം വ്യക്തമാക്കിയുമാണല്ലോ ഈശോ സംസാരിക്കുന്നത് (മത്താ 20,25-28). അജപാലകർ അജപാലകാധികാര പ്രയോഗത്തിലും ഇക്കാര്യം അനുസ്മരിക്കുകയും അജഗണങ്ങളെ ന്യായമായ അധികാരത്തെ ബഹുമാനിക്കുവാൻ പഠിപ്പിക്കുകയും ചെയ്യണം. അതേസമയം ശുശ്രൂഷാമനോഭാവത്തോടെ അജപാലനാധികാരം കൈകാര്യം ചെയ്യുവാനും അജപാലകർ പരിശ്രമിക്കണം.

**2. രാജ്യനിയമങ്ങൾ പാലിക്കുക**

*"ആകയാൽ, ദൈവത്തിന്റെ ക്രോധം ഒഴിവാക്കാൻവേണ്ടി മാത്രമല്ല, മനഃസാക്ഷിയെ മാനിച്ചും നിങ്ങൾ വിധേയത്വം പാലിക്കുവിൻ. നിങ്ങൾ നികുതി കൊടുക്കുന്നതും ഇതേ കാരണത്താൽതന്നെ. എന്തെന്നാൽ, അധികാരികൾ ഇക്കാര്യങ്ങളിൽ നിരന്തരം ശ്രദ്ധ വയ്ക്കുന്ന ദൈവശുശ്രൂഷകരാണ്. ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവനു നികുതി; ചുങ്കം അവകാശപ്പെട്ടവനു ചുങ്കം; ആദരം അർഹിക്കുന്നവന് ആദരം; ബഹുമാനം നൽകേണ്ടവനു ബഹുമാനം"* (13,5-7).

രാഷ്ട്രത്തെ ബഹുമാനിക്കാനും രാഷ്ട്രീയനിയമങ്ങൾ പാലിക്കാനുമുള്ള പൗലോസിന്റെ നിർദ്ദേശത്തിന്റെ പശ്ചാത്തലം, റോമൻ സാമ്രാജ്യഭരണത്തിന്റെ കീഴിൽ യഹൂദർക്കുണ്ടായിരുന്ന പ്രത്യേക സാഹചര്യമായിരിക്കാം. റോമൻ അധികാരികൾക്ക് ചുങ്കം പിരിക്കാൻ നിയമിതരായവരെ പാപികളായി കരുതുകയും, ചുങ്കം നൽകുന്നതിന് എതിർപ്പുകാണിക്കുകയും ചെയ്തിരുന്ന തീവ്രനിലപാടുകൾ ഉണ്ടായിരുന്ന യഹൂദർ അക്കാലത്ത് ഉണ്ടായിരുന്നു. അവർ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്ന പശ്ചാത്തലത്തിൽ ക്രൈസ്തവചൈതന്യം എന്തായിരിക്കണം എന്നത് വ്യക്തമാക്കുവാൻ പൗലോസ്ശ്ലീഹാ ശ്രമിക്കുന്നു. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അമിതമായ ചിന്തയാണ് യഹൂദരുടെ ഈ നിലപാടിനു കാരണമായിത്തീർന്നത്. അതിന്റെ ഫലമായി രാജ്യദ്രോഹപരമായ കാര്യങ്ങൾ ചെയ്യുകയും, രാജ്യത്തിന്റെ നിയമങ്ങൾ ലംഘിക്കുകയും ചെയ്യുവാനുള്ള പ്രവണത യഹൂദക്രൈസ്തവസമൂഹത്തിലും ഉണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ രാഷ്ട്രീയനിയമങ്ങളോട് ക്രൈസ്തവർ പുലർത്തേണ്ട മനോഭാവത്തെപ്പറ്റി പൗലോ

സ്ശ്ലീഹാ സംസാരിക്കാൻ നിർബന്ധിതനായി. മനുഷ്യൻ സമൂഹ ജീവി ആയതുകൊണ്ടും, സമൂഹത്തെ വേണ്ടവിധത്തിൽ നയിക്കാൻ രാഷ്ട്രീയാധികാരവും നിയമങ്ങളും ആവശ്യമാകയാലും രാഷ്ട്രീ യനിയമങ്ങൾ പാലിക്കാനും രാഷ്ട്രീയാധികാരത്തെ ബഹുമാനി ക്കാനും ക്രൈസ്തവർ തയ്യാറാവണം.

ഒരു മനുഷ്യനും ഒറ്റപ്പെട്ട് സമൂഹത്തിൽ ജീവിക്കുവാനാവി ല്ല. സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ അവന് സാമൂഹികമായ പ്രയോജനങ്ങളുണ്ട്. മനുഷ്യബന്ധങ്ങൾ ആരോഗ്യകരമായി നില നിർത്തണമെങ്കിൽ പൊതുവായ നിയമങ്ങൾ ആവശ്യമായി വരും. മനുഷ്യശരീരത്തിൽ അവയവങ്ങളെന്നതുപോലെ പരസ്പരപൂരക ങ്ങളായി വർത്തിച്ചെങ്കിൽമാത്രമേ സമൂഹജീവിതം ആരോഗ്യകര മായി നയിക്കുവാൻ മനുഷ്യർക്കു കഴിയുകയുള്ളൂ. അതുകൊണ്ട്, സമൂഹത്തിലെന്നപോലെ രാഷ്ട്രീയസമൂഹത്തിലും ചിലക്രമങ്ങളം നിഷ്ഠകളും ആവശ്യമായിവരും. അവയെ മാനിക്കുവാനും അവയ്ക്ക നുസൃതമായി ജീവിതം ക്രമീകരിക്കുവാനും മനുഷ്യർ തയ്യാറാകണം. അതുകൊണ്ടാണ് രാഷ്ട്രീയാധികാരവും രാഷ്ട്രീയനിയമങ്ങളും ആവശ്യമായി വരുന്നു. അതുകൊണ്ട് പൗലോസ്ശ്ലീഹാ പറയുന്നത്: "ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവനു നികുതി; ചുങ്കം അവകാശപ്പെട്ടവനു ചുങ്കം; ആദരം അർഹിക്കുന്നവന് ആദരം; ബഹുമാനം നൽകേണ്ട വനു ബഹുമാനം" (13,7). അതുകൊണ്ട് രാഷ്ട്രീയാധികാരത്തെ അംഗീകരിക്കുവാനും രാഷ്ട്രീയനിയമങ്ങൾ പാലിക്കുവാനും അജ പാലകർ അജഗണങ്ങളെ ഉൽബോധിപ്പിക്കുകയും പ്രോൽസാഹിപ്പി ക്കുകയും വേണം.

### 3. സ്നേഹം: നിയമത്തിന്റെ പൂർത്തീകരണം

*"പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ, അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു. വ്യഭിചാരം ചെയ്യരുത്, കൊല്ലരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നിവയും മറ്റേതു കൽപനയും, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം എന്ന ഒരു വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു.*

*സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ടു നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്"* (13,8-10).

സ്നേഹിക്കുക എന്നതിൽ കവിഞ്ഞ കടപ്പാട് ആരോടും വേണ്ടതില്ല എന്നതാണ് പൗലോസിന്റെ നിലപാട്. മറ്റെല്ലാ നിയമങ്ങളും കടപ്പാടുകളും പരസ്നേഹം എന്ന വലിയ ഉത്തരവാദിത്വത്തിൽ അന്തർലീനമാണ്. നിയമംമൂലമല്ല വിശ്വാസംമൂലമാണ് നീതീകരിക്കപ്പെടുന്നത് (റോമാ 3,28) എന്ന വിശുദ്ധ പൗലോസിന്റെ നിലപാടിനെ അടിസ്ഥാനമാക്കിയുള്ള ഒരു നിലപാടാണിത്. 'വിശ്വാസം' എന്നു പറയുന്നത് ദൈവവുമായുള്ള ഒരു ബന്ധമാണ്. ദൈവം സ്നേഹമായതുകൊണ്ട്, ആ സ്നേഹത്തിൽ വിശ്വസിക്കുന്നവൻ സ്നേഹിക്കുന്നവനായി മാറും. ദൈവത്തെയും ദൈവം നല്കുന്നവരെയും നല്കുന്നവയെയും സ്നേഹിക്കുക എന്നതായിരിക്കും ക്രിസ്തീയകാഴ്ചപ്പാടിൽ വിശ്വാസിയുടെ നിലപാട്. ജീവിതത്തിൽ ദൈവം അനുവദിക്കുന്ന എല്ലാ അനുഭവങ്ങളെയും ദൈവസ്നേഹത്തിന്റെ ക്രമീകരണങ്ങളായി വിശ്വാസികൾ സ്വീകരിക്കും. ജീവിതത്തിൽ ബന്ധപ്പെടേണ്ടി വരുന്നവരെയെല്ലാം ദൈവം തരുന്നവരായി കാണുവാനും അവരുമായി സ്നേഹപൂർവ്വം ബന്ധപ്പെടുവാനും വിശ്വാസികൾക്കു കഴിയും. അതുകൊണ്ട് വിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്നേഹിക്കുക എന്നത് അടിസ്ഥാനപരമായ നിലപാടുതന്നെയായിരിക്കും.

'നിയമം പൂർത്തീകരിക്കുന്നു' എന്ന പ്രസ്താവനയുടെ അർത്ഥമാണ് ശ്ലീഹാ ഇവിടെ വ്യക്തമാക്കുന്നത്. എല്ലാ പ്രമാണങ്ങളും സ്നേഹത്തിന്റെ പ്രമാണത്തിൽ ഉൾപ്പെടുന്നതിനാൽ സഹോദരരെ സ്നേഹിക്കുന്നവന്റെ ജീവിതത്തിൽ നിയമം അപ്രസക്തമാണ്. സകലനിയമത്തെയും സ്നേഹത്തിൽ സംഗ്രഹിക്കുന്ന ശൈലി സുവിശേഷങ്ങളിൽത്തന്നെ കാണാം. ഒരു നിയമപണ്ഡിതൻ ഈശോയെ പരീക്ഷിക്കാൻ ചോദിച്ച ചോദ്യത്തിന് ഈശോ പറഞ്ഞ മറുപടി ഇപ്രകാരമാണ്: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യംതന്നെ. അതായത്, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും

സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സമസ്തനിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു" (മത്താ 22,37-40). അതുകൊണ്ട് സ്നേഹത്തിന്റെ പ്രാധാന്യം അജപാലകർ മനസ്സിലാക്കുകയും അതിനു അജഗണങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യണം.

**4. പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുക**

*"ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ടുവേണം. നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം"* (13,11-12).

മിശിഹായുടെ യുഗത്തെ പുതിയ പ്രഭാതമായിട്ടാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. സുവിശേഷങ്ങളിൽത്തന്നെ സമാനമായ ശൈലികൾ നമുക്കു കാണാം. സമാന്തരസുവിശേഷങ്ങളിലെ അന്ത്യാത്മക പ്രഭാഷണങ്ങളിൽ ഈശോയുടെ ഉത്ഥാനത്തോടെ പുതുയുഗം ആരംഭിച്ചു എന്ന ആദിമസഭയുടെ വിശ്വാസം പ്രകടമാകുന്നുണ്ട്. "ആകയാൽ ജാഗരൂകരായിരിക്കുവിൻ. എന്തെന്നാൽ ഗൃഹനാഥൻ എപ്പോൾ വരുമെന്ന്, സന്ധ്യയ്ക്കോ അർധരാത്രിക്കോ കോഴി കൂവുമ്പോഴോ രാവിലെയോ എന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അവൻ പെട്ടെന്നു കയറിവരുമ്പോൾ നിങ്ങളെ നിദ്രാധീനരായിക്കാണരുതല്ലോ. ഞാൻ നിങ്ങളോടു പറയുന്നത് എല്ലാവരോടുമായിട്ടാണ് പറയുന്നത്; ജാഗരൂകരായിരിക്കുവിൻ" (മർക്കോ 13,35-37). പുതുയുഗം ആരംഭിച്ചതിനാൽ നിദ്രവിട്ടുണരേണ്ട സമയം സമാഗതമായി എന്നാണ് പൗലോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്.

രാത്രി അവസാനിക്കാറായതിനാൽ രാത്രിയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് പകലിന്റെ ആയുധങ്ങൾ ധരിക്കാനാണ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. രക്ഷ ആസന്നമായി എന്ന ആശയം പൗലോസ്ശ്ലീഹാ യും പലപ്പോഴും സഭാംഗങ്ങളെ ഓർമ്മിപ്പിക്കാറുള്ള ഒന്നാ

ണ്. കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം 15,1 ൽ ഇപ്രകാരം എഴുതുന്നു: “സഹോദരരേ, നിങ്ങൾ സ്വീകരിച്ചതും, നിങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതും നിങ്ങൾക്കു രക്ഷ പ്രദാനം ചെയ്യുന്നതുമായ സുവിശേഷം ഞാൻ എപ്രകാരമാണ് നിങ്ങളോടു പ്രസംഗിച്ചതെന്ന് ഇനി നിങ്ങളെ അനുസ്മരിപ്പിക്കാം”. 1 തെസ 1-5 അദ്ധ്യായങ്ങളിൽ ദൈവത്തിനു പ്രസാദകരമായ ജീവിതം നയിച്ച്, കർത്താവിന്റെ പ്രത്യാഗമനത്തിനും മരിച്ചവരുടെ ഉയിർപ്പിനുമായി ഒരുങ്ങിയിരിക്കണമെന്ന് വളരെ വ്യക്തമായും വിശദമായും പൗലോസ്ശ്ലീഹാ വിശ്വാസികളെ ഉൽബോധിപ്പിക്കുന്നുണ്ട്. പകലിന്റെ ആയുധങ്ങൾ അണിയുന്നതിനെ സൂചിപ്പിക്കാനുപയോഗിച്ചിരിക്കുന്ന പദം സാധാരണ വസ്ത്രധാരണത്തെ സൂചിപ്പിക്കുന്നതാണ്. അതായത് വസ്ത്രം പോലെ സഭ ധരിക്കേണ്ടതാണ് ഈ ആയുധങ്ങൾ എന്ന് അത് മനസ്സിലാക്കണം. ക്രിസ്തീയജീവിതത്തിന് അവശ്യംവേണ്ട സുകൃതങ്ങൾ നിരന്തരം അഭ്യസിക്കുവാൻ അജപാലകർ വിശ്വാസികളെ ഉൽബോധിപ്പിക്കണം.

**5. ഈശോമിശിഹായെ ധരിക്കുക**

*“പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ”* (13,13-14).

ഇരുട്ടിന്റെ പ്രവൃത്തികൾ ഏവയാണെന്നും പകലിൽ വർജ്ജിക്കേണ്ടവ ഏവയെന്നും ഇവിടെ പൗലോസ്ശ്ലീഹാ വ്യക്തമാക്കുകയാണ്. ജഡത്തിന്റെ പ്രവണതകൾ എന്ന് ഗലാ 5,19 ൽ പൗലോസ്ശ്ലീഹാ പരാമർശിച്ച കാര്യങ്ങൾതന്നെയാണ് ഇവിടെ അന്ധകാരത്തിന്റെ പ്രവൃത്തികളായി അവതരിപ്പിക്കുന്നത്. സുഖലോലുപത, മദ്യലഹരി, അവിഹിതവേഴ്ചകൾ, വിഷയാസക്തി, കലഹം, അസൂയ തുടങ്ങിയവയെല്ലാം ആദ്ധ്യാത്മികജീവിതം നയിക്കുന്ന ക്രൈസ്തവർക്ക് അനുയോജ്യമല്ല. നിശാക്ലബുകളിലെ മദ്യസേവയും വ്യഭിചാരവു

മൊക്കെ അക്കാലത്തെയും പ്രതിസന്ധികളായിരുന്നു. തന്മൂലം ഇത്തരം പ്രവൃത്തികളെ രാത്രിയുടെ പ്രവൃത്തികൾ എന്നു പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് തികച്ചും അർത്ഥവത്താണ്. അപ്രകാരമുള്ള പ്രവൃത്തികൾ ക്രൈസ്തവരുടെ ജീവിതത്തിലുണ്ടാകുവാൻ പാടില്ല എന്നാണ് പൗലോസ്ശ്ലീഹാ എടുത്തുപറയുന്നത്.

അതോടൊപ്പം മിശിഹായെ ധരിക്കാനും പൗലോസ്ശ്ലീഹാ ഉപദേശിക്കുന്നു. മിശിഹായെ ധരിക്കാനുള്ള ആഹ്വാനം ഗലാ 3,27 ലും കാണാം. "മിശിഹായോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും മിശിഹായെ ധരിച്ചിരിക്കുന്നു". മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവരെല്ലാവരും മിശിഹായെ ധരിക്കാൻ വിളിക്കപ്പെട്ടവരാണ്. 'മിശിഹായെ ധരിക്കുക' എന്നതിന് 'പുതിയ മനുഷ്യനെ ധരിക്കുക' എന്നും പൗലോസ് വിശേഷിപ്പിക്കുന്നുണ്ട് (എഫേ 5,24; കൊളോ 3,10). പുതിയ വസ്ത്രം ധരിക്കുക എന്ന അർത്ഥത്തിലുള്ള ഈ പദപ്രയോഗങ്ങളെല്ലാം മാമ്മോദീസായെ അനുസ്മരിപ്പിക്കുന്നതായി മനസ്സിലാക്കാം. ഇപ്പോഴും മാമ്മോദീസായിൽ വെള്ളവസ്ത്രം ധരിപ്പിക്കുന്നത് ഇതിനെ സൂചിപ്പിക്കുന്നതാണ്. മിശിഹായിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ - കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ തുടങ്ങിയ സുകൃതങ്ങൾ- അഭ്യസിക്കുവാനാണ് പൗലോസ്ശ്ലീഹാ ഇതിലൂടെ റോമാക്കാരെ ഉപദേശിക്കുന്നത്. ഇപ്രകാരം സുകൃതാഭ്യാസത്തിലൂടെ ഈശോമിശിഹായെ ധരിച്ചവരായി ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ഉദ്ബോധിപ്പിക്കുകയും, സന്മാതൃകകൊണ്ടും ഉപദേശങ്ങൾകൊണ്ടും അവരെ പ്രചോദിപ്പിക്കുകയും ചെയ്യണം.

**ജീവിതസൂചിക**

1. അധികാരികളെ അനുസരിക്കുവാനും, അജപാലനാധികാരം ശുശ്രൂഷാമനോഭാവത്തോടെ കൈകാര്യം ചെയ്യുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. രാഷ്ട്രീയാധികാരത്തെ ബഹുമാനിക്കുവാനും രാഷ്ട്രീയനിയമങ്ങൾ പാലിക്കുവാനും ഞാൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്നുണ്ടോ?

3. സ്നേഹത്തിന്റെ കല്പനയുടെ പ്രാധാന്യം മനസ്സിലാക്കാനും അതിൽ അജഗണങ്ങളെ ബോധവൽക്കരിക്കാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

4. ക്രിസ്തീയജീവിതത്തിന് അവശ്യം വേണ്ട സുകൃതങ്ങൾ അഭ്യസിക്കുവാൻ ഞാൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്നുണ്ടോ?

5. മാമ്മോദീസായിൽ മിശിഹായെ ധരിച്ചവരാണെന്ന അവബോധത്തോടെ മിശിഹായിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?










# അടിമാലിയിൽ നടന്ന
# എ.കെ.സി.സി കർഷക പ്രതിഷേധ ജ്വാല

**Sahyanadham**

Annual Subscription Rs. 350.00
Date of Publication: 01/04/2023

Reg. No. KL/IDK/08/2022-2024
RNI Reg No. KERMAL/2004/12498






**മാർപാപ്പയുടെ പ്രാർത്ഥനാ നിയോഗം ഏപ്രിൽ 2023**

രാജ്യങ്ങളും പൗരന്മാരും, യുദ്ധോപകരണങ്ങളുടെ ഉപയോഗം
കുറച്ചു കൊണ്ട്, സമാധാനത്തിൻറെയും അഹിംസയുടെയും
ഒരു സംസ്കാരം രൂപപ്പെടുത്തുവാനാകാൻ നമുക്കു പ്രാർത്ഥിക്കാം

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer & Publisher, Rev. Fr. James Bishop's House, Idukki- 685 602